സ്വാതന്ത്ര്യത്തിന്ന

വേണ്ടിയുള്ള

വിദ്യാഭ്യാസം



സ്വാതന്ത്ര്യത്തിന്നു വേണ്ടിയുള്ള വിദ്യാഭ്യാസം

യുനൈററഡ് സ്റ്റേററ്സ് ഇൻഫർമേഷൻ സർവ്വീസ്
പ്രസിദ്ധപ്പെടുത്തുന്നത്

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം

മുഖവുര

അമേരിക്കയിലെ പ്രാഥമിക വിദ്യാലയങ്ങളിലും സെക്കൻഡറി സ്കൂളുകളിലും ഏവർക്കും സൗജന്യമായി വിദ്യാഭ്യാസം ലഭിക്കുന്നു. അമേരിക്കൻ ജനാധിപത്യത്തിന്റെ മൂലത്തൂണുകളിലൊന്നാണ് ഈ സൗജന്യവിദ്യാഭ്യാസ സമ്പ്രദായം. എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിലെ ആദ്യപാഠങ്ങൾ മാത്രമല്ല, 8 കൊല്ലം മുതൽ 12 കൊല്ലംവരെ ശരിക്കുള്ള ശിക്ഷണവും കിട്ടേണ്ടത് ആവശ്യവും അഭിലഷണീയവുമാണെന്ന കാര്യത്തിൽ 15 കോടി അമേരിക്കരും ഏകാഭിപ്രായരാണ്. അമേരിക്കൻ ജനാധിപത്യത്തിന്റെ നിലനില്പ്, പൗരജീവിതത്തിൽ തനിക്കുള്ള ഉത്തരവാദിത്വം വഹിക്കാൻ ഓരോ പൗരനുമുള്ള കഴിവിനെ ആശ്രയിച്ചിരിക്കുന്നു എന്ന് അമേരിക്കർ വിശ്വസിക്കുന്നു. അതിനാൽ സാമൂഹ്യജീവിതത്തിൽ ഏററവും പ്രയോജനകരമായ ഒരു പങ്ക് വഹിക്കുന്നതിനും സമുദായം സ്വയം ഭരിക്കുന്നതിന്നു കൈക്കൊള്ളുന്ന നടപടികൾ മനസ്സിലാക്കി അവയിൽ പങ്കുചേരുന്നതിന്നും സാധാരണ ബുദ്ധിശക്തിയുള്ള ഓരോരുത്തർക്കും പരിശീലനം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

ജനാധിപത്യപൗരത്വത്തിന്റെ ചുമതലകൾ വഹിക്കാൻ അമേരിക്കൻ കുട്ടികൾക്ക് പരിശീലനം നൽകുന്നത് സൗജന്യമായ പബ്ളിക്ക് സ്കൂൾവിദ്യാഭ്യാസത്തിൽ കൂടിയത്രെ. അമേരിക്കയുടെ ഏതൊരു മുക്കിലും മൂലയിലും താമസിക്കുന്ന ഏതൊരു കുട്ടിക്കും ഒരു പബ്ളിക്ക് സ്കൂളിൽ ചേർന്നു പഠിക്കാൻ സൗകര്യമുണ്ട്. എല്ലാ പെൺകുട്ടികളും ആൺകുട്ടികളും 15—17 വയസ്സാകുന്നതുവരെ സ്കൂളുകളിൽ പോയിക്കൊണ്ടിരിക്കും. അവരിൽ അനേക ലക്ഷം പേർ പ്രാഥമികസ്കൂളുകളും സെക്കൻഡറിസ്കൂളുകളും കടന്ന് ഉപരിപഠനസ്ഥാപനങ്ങളിൽ ചേരും. പ്രാഥമികസ്കൂളിലോ സെക്കണ്ടറി സ്കൂളിലോ കോളേജിലോ ചേർന്നു പഠിക്കുന്നതിന്ന് എല്ലാവർക്കും തുല്യാവസരം ലഭിക്കുന്നു. വർഗ്ഗമോ മതമോ സമ്പൽസ്ഥിതിയോ അതിന്നു ബാധകമല്ല.

ഒരാൾക്കു ലഭിക്കുന്ന വിദ്യാഭ്യാസസൗകര്യങ്ങൾ അയാൾ എത്രമാത്രം പ്രയോജനപ്പെടുത്തുന്നു എന്നത് അയാളുടെ പ്രാപ്തിയേയും ഉൽസാഹത്തേയും ആശ്രയിച്ചിരിക്കും. അമേരിക്കൻ സ്കൂളുകളുടെയെല്ലാം പ്രവർത്തനത്തിന്റെ അടിസ്ഥാനതത്വങ്ങളിലൊന്ന് കുട്ടികളുടെ ജീവിതം പട്ടാളച്ചിട്ടക്കു കീഴ്പ്പെടുത്തരുതെന്നതാണ്. കുട്ടിയുടെ ജീവിതസൗഭാഗ്യത്തിനും സമുദായത്തിന്റെ നന്മക്കും പ്രയോജനകരമായി അവന്റെ അത്യുത്തമമായ കഴിവുകൾ വികസിപ്പിക്കുന്നതിന് അവന്നു പ്രോത്സാഹനം നൽകുന്നു. വ്യക്തിയുടെ ജീവിതസൗഭാഗ്യവും സമുദായത്തിന്റെ നന്മയുമാണ് അമേരിക്കൻ ജനാധിപത്യത്തിന്റെ ലക്ഷ്യം. അമേരിക്കൻ വിദ്യാഭ്യാസത്തിന്റെ പ്രഥമോദ്ദേശ്യവും അന്തിമഫലവുമാണ് ജനാധിപത്യം.

പ്രാഥമികപാഠശാലകളും സെക്കണ്ടറി സ്ക്കൂളുകളും

പ്രാഥമിക (എലിമെൻററി) പാഠശാല

ഐക്യസംസ്ഥാനങ്ങളിൽ ആകെ 1,60,000 പ്രാഥമികപാഠശാലകൾ ഉണ്ട്. അവയിൽ 2,00,00,000 കുട്ടികളും. ഈ സ്കൂളുകൾ നൽകുന്ന 6—8 കൊല്ലത്തെ ശിക്ഷണമാണ് അമേരിക്കൻ വിദ്യാഭ്യാസത്തിൻെറ അസ്തിവാരം. പ്രാഥമികപാഠശാലയിൽ ചേരുന്നതിനു മുൻപ്, മൂന്നോ നാലോ വയസ്സുള്ള കുട്ടികൾക്ക ദിവസം ഏതാനും മണിക്കൂറ വീതം നേഴ്സറി സ്കൂളിൽ ചെലവഴിക്കാം. അഞ്ചാം വയസ്സിൽ കുട്ടിയ്ക്കു് കിൻഡർഗാർട്ടനിൽ ചേൎന്നു പഠിക്കാം. എന്നാൽ അമേരിക്കയിലെ കുട്ടികളിൽ ബഹുഭൂരിപക്ഷവും ശരിക്ക വിദ്യാഭ്യാസം ആരംഭിക്കുന്നതു് ആറാം വയസ്സിലത്രെ. സെപ്ററംബറിലെ രണ്ടാമത്തെ തിങ്കളാഴ്ച അവർ പ്രാഥമികപാഠശാലയിലെ ഒന്നാംക്ലാസ്സിൽ ചേരുന്നു. അങ്ങനെ അവർ, 16 ഓ 17 ഓ വയസ്സുവരെയുള്ള അവരുടെ വിദ്യാഭ്യാസത്തിന് തുടക്കമിടുന്നു. സ്കൂൾവർഷം സെപ്ററംബർ മുതൽ മെയ് മാസമോ ജൂൺമാസമോ വരെയാണ്. ആഴ്ചയിൽ അഞ്ചുദിവസം കാലത്തും ഉച്ച കഴിഞ്ഞും അദ്ധ്യയനം ഉണ്ട്.

പ്രാഥമികപാഠശാലയിലെ പാഠ്യപദ്ധതിയുടെ നട്ടെല്ല് എഴുത്തും വായനയും കണക്കുമാണ്. ചരിത്രം, ഭൂമിശാസ്ത്രം, എലിമെൻററി സയൻസ്, പൗരശാസ്ത്രം, സംഗീതം, കല ആദിയായ വിഷയങ്ങൾ ചേൎത്ത് അദ്ധ്യയനപരിപാടി പൂൎണ്ണമാക്കാറുണ്ട്. മുൻപ്, അദ്ധ്യാപനം മിക്കവാറും ഒരു പാഠ്യപുസ്തകം അടിസ്ഥാനമാക്കി മാത്രമായിരുന്നു. കുട്ടികൾ പാഠ്യപുസ്തകം പഠിച്ചു ചൊല്ലുകയും അദ്ധ്യാപകൻെറ ചോദ്യങ്ങൾക്ക് ഉത്തരം പറകയും ചെയ്യണം. എന്നാൽ ഇപ്പോൾ അമേരിക്കയിൽ 'പുരോഗമനവിദ്യാഭ്യാസ' സമ്പ്രദായങ്ങൾക്ക് കൂടുതൽ കൂടുതൽ പ്രാധാന്യം കല്പിച്ചുവരുന്നു. യാന്ത്രികമായി ഉരുവിട്ടു പഠിക്കയും പഠിപ്പിക്കയും ചെയ്യുന്ന രീതി ആധുനിക അമേരിക്കൻ വിദ്യാഭ്യാസവിദഗ്ധന്മാർ നിരുത്സാഹപ്പെടുത്തുന്നു. വിദ്യാഭ്യാസം ഓൎമ്മശക്തി വൎദ്ധിപ്പിക്കൽ അല്ലെന്നും പുസ്തകത്തിൽ നിന്നു് പഠിച്ചതു് ഓൎത്തിരിക്കയും കാണാതെ ചൊല്ലുകയും ചെയ്യാൻ മാത്രം കുട്ടിയെ പഠിപ്പിച്ചതുകൊണ്ടായില്ലെന്നുമാണ് അവരുടെ അഭിപ്രായം. സ്വയം ചിന്തിക്കുന്നതിനും, പാഠങ്ങൾ അനുഭവത്തിലും അനുഭവങ്ങൾ പഠനത്തിലും പ്രയോഗിക്കുന്നതിനും വിദ്യാൎത്ഥിയെ പ്രോൽസാഹിപ്പിക്കേണ്ടതാണെന്നു് അവർ കരുതുന്നു. അതിനാൽ

പ്രാഥമിക വിദ്യാഭ്യാസത്തിൽ ഇപ്പോഠം കണ്ടുവരുന്ന പ്രവണത ഔപചാരികമായ ചോദ്യോത്തരരീതിക്കു് പ്രാധാന്യം കുറയ്ക്കയും അനൌപചാരികമായ ചച്ചകഠംക്കം പങ്കചേരലിന്നും പ്രാധാന്യം കൂട്ടുകയുമാണു്. അധികം പുരോഗമിച്ചിട്ടില്ലാത്ത പ്രദേശങ്ങളിലെ ചില സ്കൂളുകളിൽ സ്വീകരിച്ചുപോരുന്ന അദ്ധ്യാപനരീതി 60 കൊല്ലം മുമ്പത്തേതിനേക്കാഠം അത്ര വ്യത്യസ്തമല്ലെങ്കിലും



പുതിയ അമേരിക്കൻസ്കൂളുകളിലെ ക്ലാസ്സുമുറികളിൽ ധാരാളം സൂര്യപ്രകാശം കിട്ടും. ഭിത്തികളിൽ കണ്ണിന്നു ഇമ്പമുള്ള ചായങ്ങഠം പൂശിയിരിക്കും. ഡെസ്കുകഠം യഥേഷ്ടം മാററിയിടാം. നല്ല ഇരിപ്പിടസൌകര്യങ്ങളുമുണ്ടു്. ശ്രവണദൎശന വിദ്യാഭ്യാസോപകരണങ്ങളും മററു അദ്ധ്യാപനസഹായികളും ക്ലാസ്സുകളിൽ ഉപയോഗിക്കും.

സാധാരണ നഗരപാഠശാലകളിലെ പ്രാഥമികവിദ്യാഭ്യാസം അയവില്ലാത്തതോ ഔപചാരികമോ അല്ല തന്നെ. അത്, അദ്ധ്യാപകനും അദ്ധ്യേതാവും സൗഹാർദ്ദപൂർവ്വമായും സജീവമായും പങ്കെടുക്കുന്ന ഒരു സംയുക്തോദ്യമമാണ്—മനഃപ്പാഠമാക്കുകയല്ല; കണ്ടുപിടിക്കുകയാണാ ഉദ്യമത്തിൻെറ ഉദ്ദേശ്യം.

അങ്ങനെ, പ്രാഥമിക വിദ്യാഭ്യാസം നിഷ്ക്രിയമല്ല, മറിച്ച് ക്രിയാത്മകമാണെന്ന് കാണാം. കുട്ടികൾ പഠിക്കുന്നത് മനഃപ്പാഠമാക്കിയല്ല; പ്രവർത്തനങ്ങളിലൂടെയാണ്. വ്യക്തിഗതമായ ബുദ്ധികൌശലം പ്രദർശിപ്പിക്കുന്നതിനും മററുള്ളവരുമായി സഹകരിക്കുന്നതിനും പഠിച്ചപാഠങ്ങളുടെ ഫലം വെളിപ്പെടുത്തുന്നതിനും പ്രേരകമായ പരിപാടികൾ അവർ ഏറെറടുക്കുന്നു. ചരിത്രം പഠിക്കുമ്പോൾ കുട്ടികൾക്കു ചില ചരിത്രകഥകൾ അവരുടെ ഭാവനയ്ക്കനുസരിച്ച് നാടകമായി അഭിനയിക്കാം. ഭൂമിശാസ്ത്രം പഠിക്കുമ്പോൾ ഭൂപടങ്ങളും ചിത്രപുസ്തകങ്ങളും ഉണ്ടാക്കുകയും വിവിധ ദേശക്കാരുടെ വേഷവിധാനങ്ങൾ പ്രദർശിപ്പിക്കയും ചെയ്യാം. പ്രകൃതിശാസ്ത്രപഠനത്തിൽ തോട്ടങ്ങൾ നട്ടുണ്ടാക്കുക, മാതൃകകൾ ശേഖരിക്കുക എന്നിവയെല്ലാം ഉൾപ്പെടും. ഈ വക പ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിക്കും അവനവൻെറ പ്രത്യേക കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രത്യേക താൽപര്യങ്ങൾ പുഷ്ടിപ്പെടുത്തുന്നതിനും സാധിക്കും. ഇതെല്ലാം ഒരു സാംഘികോദ്യമത്തിൻെറ ഭാഗമായിട്ടാണ് നടക്കുന്നത്.

ക്ലാസ്സുമുറിയിലെ പഠിത്തത്തിൽ വളരെ കവിഞ്ഞ വ്യാപ്തിയാണ് പ്രാഥമിക വിദ്യാഭ്യാസത്തിന്നുള്ളത്. വിദ്യാർത്ഥികൾ അദ്ധ്യാപകന്മാരുടെ മേൽനോട്ടത്തിൽ ഗ്രന്ഥശാലകൾ, കാഴ്ചബംഗ്ലാവുകൾ, ആർട്ട് ഗാലറികൾ, പള്ളികൾ, ആപ്പീസുകൾ, കടകൾ, ഫാക്ടറികൾ എന്നിവ സന്ദർശിക്കുന്നത് അവരുടെ വിദ്യാഭ്യാസത്തിൻെറ ഒരു ഭാഗമാണ്. ചരിത്രപ്രസിദ്ധമായ സ്ഥലങ്ങളിലേക്ക് സന്ദർശനപര്യടനം നടത്തുക, പ്രകൃതിശാസ്ത്രപഠനത്തിന് നാട്ടിൻപുറങ്ങളിൽ സഞ്ചരിക്കുക, പൊതുസമ്മേളനങ്ങളിൽ സംബന്ധിക്കുക എന്നിവയും വിദ്യാർത്ഥികളുടെ പഠനപരിപാടിയിൽ ഉൾപ്പെടുന്നു. അദ്ധ്യയനദിവസങ്ങളിലെല്ലാം കുറെ സമയം വ്യായാമങ്ങൾക്ക് നീക്കിവെച്ചിട്ടുണ്ട്. അപ്പോൾ വിദ്യാർത്ഥികൾ കളികളിൽ പങ്കെടുക്കുന്നു. ഇത് അവരുടെ ആരോഗ്യവർദ്ധനത്തിന് സഹായിക്കുന്നു; കൂടാതെ, സംഘം ചേർന്നുള്ള പ്രവർത്തനങ്ങളിൽ അവക്ക് പരിചയം നൽകുകയും ചെയ്യുന്നു. കുട്ടികൾക്ക് പൌരത്വപരിശീലനവും ലഭിക്കുന്നുണ്ട്. സ്വയംഭരണസംബന്ധമായ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുകയും ചില ചില്ലറ പൌരത്വചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുന്നു.

പ്രാഥമികപാഠശാല അമേരിക്കൻ സാമൂഹ്യജീവിതത്തിൻെറ ശ്രദ്ധാർഹമായ ഒരു ഘടകമാണ്. വിദൂരസ്ഥലങ്ങളായ ഗ്രാമപ്രദേശങ്ങളിലെ പ്രാഥമിക പാഠശാലകൾ മിക്കതും ഇപ്പോഴും ഒററമുറിക്കെട്ടിടങ്ങളാണ്. എട്ടോ ആറോ ക്ലാസ്സുകളിലായി പഠിച്ചുകൊണ്ടിരിക്കുന്ന അൻപതും അറുപതും കുട്ടികളെ ഒരദ്ധ്യാപിക ഒരു മുറിയിൽ ഇരുത്തി പഠിപ്പിക്കുന്നു. ഈ 'ചെറിയ ചുവന്ന പള്ളിക്കൂടങ്ങൾ' അമേരിക്കൻ രംഗത്തുനിന്ന് അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കയാണ്. ഒരു വലിയ സ്കൂൾ സ്ഥാപിക്കുന്നതിന് വേണ്ടത്ര കുട്ടികൾ ചില സ്ഥലങ്ങളിൽ ഇല്ലായിരിക്കും. അവിടങ്ങളിലെ കുട്ടികൾ അടുത്ത പട്ടണത്തിലെ 'കേന്ദ്രീകൃതസ്കൂളിൽ' പോയി പഠിക്കുന്നു. അവരെ ദിവസവും ബസ്സുകളിൽ കയററി സ്കൂളുകളിൽ കൊണ്ടുചെന്നാക്കുകയും തിരികെ വീടുകളിൽ കൊണ്ടുചെന്ന് വിടുകയും ചെയ്യുന്നു. കുട്ടികൾ യാത്രച്ചെലവ് കൊടുക്കേണ്ട. കുറഞ്ഞപക്ഷം ഏതാനും ആയിരം ജനങ്ങൾ എങ്കിലും താമസിക്കുന്ന പ്രദേശത്ത് മാത്രമേ ഇത്തരം സ്കൂൾ ഉണ്ടാവൂ. ചെറിയ സ്കൂളുകൾ അങ്ങിങ്ങായി സ്ഥാപിക്കുന്നതിനേക്കാൾ പ്രയോജനം ഈ കേന്ദ്രീകൃത സ്കൂളുകൾ കൊണ്ടുണ്ടാവും. ഒന്നാമത് സ്കൂൾ നടത്തുന്നതിനുള്ള ചെലവ് താരതമ്യേന കുറഞ്ഞിരിക്കും. കൂടാതെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസസൌകര്യങ്ങൾ കൂടുതൽ ലഭിക്കുകയും ചെയ്യും.

കേന്ദ്രീകൃതസ്കൂളുകളും നഗരങ്ങളിലും പട്ടണങ്ങളിലും ഉള്ള പ്രാഥമിക പാഠശാലകളും സാധാരണമായി ഇഷ്ടികകൊണ്ട് പണിഞ്ഞ രണ്ടുമൂന്നുനില ക്കെട്ടിടങ്ങളായിരിക്കും. ഇവയിൽ നല്ലപോലെ വെളിച്ചവും വായുവും കടക്കുന്ന അനേകം ക്ലാസ്സുമുറികൾക്കു പുറമെ, ഒരു സമ്മേളനഹോളും ഒരു വ്യായാമമണ്ഡപവും ഒരു ലഘുഭക്ഷണശാലയും ഉണ്ടായിരിക്കും. കൂടാതെ സ്കൂളിന് സമീപം വേണ്ടത്ര കളിസ്ഥലങ്ങളും കാണും. വൻനഗരങ്ങളിലെ പ്രാഥമിക പാഠശാലയിൽ ചിലപ്പോൾ 10,000 കുട്ടികൾ വരെ പഠിക്കുന്നുണ്ടാവും. ഇത് വളരെ വലിപ്പമുള്ളതായിരിക്കും. അവിടെ അന്ധരും ബധിരരും ഉൾപ്പെട്ട വികലാംഗരായ കുട്ടികൾക്ക് പ്രത്യേകവിഭാഗം ഉണ്ടായിരിക്കും. കൂടാതെ അസാമാന്യബുദ്ധിശക്തിയുള്ള കുട്ടികൾക്ക് വേഗം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനും സംഗീതം തുടങ്ങിയ ലളിതകലകളിൽ വാസനയുള്ളവർക്ക് അവയിൽ പ്രാവീണ്യം സമ്പാദിക്കുന്നതിനും വേണ്ട പ്രത്യേക ഏർപ്പാടുകൾ വലിയ സ്കൂളുകളിൽ ചെയ്തിരിക്കും.

അമേരിക്കൻ പ്രാഥമികപാഠശാല എത്ര വലുതായിരുന്നാലും അമേരിക്കൻ വിദ്യാഭ്യാസത്തിൻെറ മൌലികലക്ഷ്യത്തിൽ നിന്നത് വ്യതിചലിക്കുന്നില്ല. ആ ലക്ഷ്യമിതാണ്:—വ്യക്തിയെന്ന നിലയിൽ സൗഭാഗ്യകരമായ ജീവിതം

നയിക്കുന്നതിനും സാമൂഹ്യകാര്യങ്ങളിൽ പ്രയോജനകരമായി പങ്കെടുക്കുന്നതിനും ആവശ്യമായ വിദ്യാഭ്യാസ പശ്ചാത്തലം കുട്ടികൾക്ക നൽകുക.

സെക്കൻഡറി സ്കൂൾ

അമേരിക്കയിൽ ആകെ 29,000 പ്രാഥമികപാഠശാലകൾ ഉണ്ട്. അവയിലെല്ലാം കൂടി 63,00,000 കുട്ടികൾ പഠിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം ചിലടത്ത് ആറുകൊല്ലവും മററു ചിലടത്ത് എട്ടുകൊല്ലവും ആണ്. പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം മിക്ക അമേരിക്കൻ കുട്ടികളും സെക്കൻഡറി സ്കൂളിൽ പഠിത്തം തുടരുന്നു. സെക്കൻഡറിസ്കൂൾ അമേരിക്കയിൽ സാധാരണ ഹൈസ്കൂൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. പലേടത്തും ജൂണിയർ ഹൈസ്കൂൾ, സീനിയർ ഹൈസ്കൂൾ എന്നിങ്ങനെ ഹൈസ്കൂൾ രണ്ടായി വിഭജിച്ചിരിക്കും: പ്രാഥമികപാഠശാല, ജൂണിയർ ഹൈസ്കൂൾ, സീനിയർ ഹൈസ്കൂൾ എന്നിവ ഓരോന്നിലും വിദ്യാർത്ഥി ചെലവഴിക്കേണ്ട കൊല്ലങ്ങളുടെ എണ്ണം പലേടത്തും പലവിധമാണ്. എന്നാൽ ആകെയുള്ള വിദ്യാഭ്യാസവർഷങ്ങളുടെ തുക എല്ലായിടത്തും ഒരുപോലെയത്രെ. പന്ത്രണ്ടു കൊല്ലത്തെ സ്കൂൾവിദ്യാഭ്യാസം എന്നത് അമേരിക്കയിൽ സാധാരണമായി ക്കൊണ്ടിരിക്കയാണ്. ഇതിൽ നാലോ അഞ്ചോ ആറോ കൊല്ലം ഹൈസ്കൂൾവിദ്യാഭ്യാസത്തിന്നാണ്.

പ്രാഥമികവിദ്യാലയം, ഒഴിച്ചുകൂടാൻ പാടില്ലാത്ത ഏററവും കുറഞ്ഞ വിദ്യാഭ്യാസം നൽകുന്നു എന്നതാണ് അമേരിക്കൻവിദ്യാഭ്യാസ സിദ്ധാന്തം. വായിക്കുന്നതിനും എഴുതുന്നതിനും കണക്കു കൂട്ടുന്നതിനും, അങ്ങനെ ആധുനിക പൌരജീവിതത്തിൻെറ മൌലികചുമതലകൾ നിർവ്വഹിക്കുന്നതിനും ആവശ്യമായ വിദ്യാഭ്യാസം, പ്രാഥമിക വിദ്യാലയത്തിൽ പഠിത്തം പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് സിദ്ധിക്കും. എന്നാൽ ആധുനികജീവിതത്തിലെ, പ്രത്യേക പരിശീലനം ആവശ്യമായ ജോലികൾക്ക് പ്രാഥമികപാഠശാല അവനെ പ്രാപ്തനാക്കുന്നില്ല. വ്യാപാരം, വ്യവസായം, കൃഷി തുടങ്ങിയ വിദഗ്ദ്ധതൊഴിലുകളിൽ ഏർപ്പെടുന്നതിനോ, കുറേക്കൂടി അഭ്യസ്തവിദ്യനായി ജീവിതരംഗത്തിൽ പ്രവേശിക്കുന്നതിനോ ആഗ്രഹിക്കുന്ന ഒരുവൻ, പ്രാഥമികപാഠശാല കഴിഞ്ഞും വിദ്യാഭ്യാസം തുടരണം.

ഒരു കുട്ടി പതിനാറോ പതിനേഴോ പതിനെട്ടോ വയസ്സുവരെ സ്കൂളുകളിൽ പഠിത്തം തുടരണമെന്നാണ് അമേരിക്കയിലെ നിയമം. അതിനാൽ അവർ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം ഹൈസ്കൂളിൽ ചേന്നു പഠിക്കാതെ തരമില്ലല്ലോ. സാമ്പത്തികപ്രതിബന്ധങ്ങളുണ്ടാവുകയോ, വിദ്യാഭ്യാസം തുട

രാൻ അയോഗ്യരായി തീരുകയോ ചെയ്യുന്നില്ലെങ്കിൽ അവർ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കുകയും ചെയ്യും.

ഹൈസ്കൂളിൽ സാധാരണമായി രണ്ടുതരം വിദ്യാഭ്യാസം നൽകിവരുന്നു. വിദ്യാർത്ഥിക്ക് ഈ രണ്ടിൽ ഒന്നു തിരഞ്ഞെടുക്കാം. ഒന്ന്, ശരിയായ ഒരു വിദ്യാഭ്യാസപശ്ചാത്തലം നൽകി, വിദ്യാർത്ഥിയെ കോളേജ്വിദ്യാഭ്യാസത്തിന് യോഗ്യനാക്കിത്തീർക്കുന്ന പൊതുവിഷയങ്ങൾ. രണ്ട്, ഉപജീവനമാർഗ്ഗമുണ്ടാക്കാൻ സഹായകമായ വിദഗ്ദ്ധ തൊഴിൽ പരിശീലനം. പൊതുവിഷയങ്ങളിൽ ഇംഗ്ലീഷ്ഭാഷയും സാഹിത്യവും, ഒരു വിദേശഭാഷ, അമേരിക്കയുടേയും വിദേശരാജ്യങ്ങളുടേയും ചരിത്രം, ആൾജിബ്രാ, ജ്യോമട്രി, ഫിസിക്സും കെമിസ്ട്രിയും ഉൾപ്പെടുന്ന പ്രകൃതിശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിവ ഉൾപ്പെടുന്നു. തൊഴിൽപരിശീലനം തിരഞ്ഞെടുത്ത വിദ്യാർത്ഥി, മേൽ പറഞ്ഞതിൽ ചില വിഷയങ്ങൾ പഠിച്ചാൽ മതി; ഇംഗ്ലീഷും ചരിത്രവും സാമൂഹ്യശാസ്ത്രവും നിർബ്ബന്ധവിഷയങ്ങളാണ്. അതിനും പുറമേ, താഴെ പറയുന്ന പ്രത്യേകവിഷയങ്ങളിൽ ചിലതും കൂടി പഠിക്കണം. ഗാർഹികശാസ്ത്രം (പെൺകുട്ടികൾക്കു മാത്രം), ടൈപ്പ്റൈററിംഗ്, ചുരുക്കെഴുത്ത്, കണക്കെഴുത്ത്, കല, യന്ത്രശാസ്ത്രം, ലോഹവേല, വിദ്യുച്ഛക്തി, റേഡിയോ, കൃഷി, മൃഗസംരക്ഷണം മുതലായവ.

മിക്ക അമേരിക്കൻ ഹൈസ്കൂളുകളും പൊതുവിദ്യാഭ്യാസവും തൊഴിൽപരമായ വിദ്യാഭ്യാസവും നൽകുന്നു. ചുരുക്കം ചിലത്, തൊഴിൽപരമായ വിദ്യാഭ്യാസം മാത്രം നൽകുന്നു. ഇവ ആൺകുട്ടികൾക്ക് മാത്രമാണ്. ഇവയൊഴിച്ചാൽ എല്ലാ അമേരിക്കൻ ഹൈസ്കൂളുകളും പ്രാഥമികപാഠശാലകളെപ്പോലെ സഹവിദ്യാഭ്യാസസ്ഥാപനങ്ങളാണ്.

ഹൈസ്കൂളുകളിൽ പഠിക്കുന്ന ആൺകുട്ടികളേയും പെൺകുട്ടികളേയും, കായികമത്സരങ്ങളിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിച്ചു വരുന്നു. ബെയ്സ്ബോൾ, ബാസ്കറ്റ്ബോൾ, ഗോൾഫ്, ടെന്നീസ്, നീന്തൽ തുടങ്ങിയ കളികളും ഒരേ സ്കൂളിലെ പല ടീമുകൾ തമ്മിലും, പല സ്കൂളുകൾ തമ്മിലും നടത്തുന്ന മത്സരക്കളികളും അമേരിക്കൻ ഹൈസ്കൂൾവിദ്യാഭ്യാസപരിപാടിയുടെ സുപ്രധാനമായ ഘടകമാണ്. കായികമത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥിക്ക് ക്ലാസ്സിൽ അസൂയാജനകമായ ഒരു സ്ഥാനം ലഭിക്കുന്നു.

നാടകങ്ങൾ അഭിനയിക്കുന്നതിനും പാട്ടുകച്ചേരികളും വാദപ്രതിവാദസമ്മേളനങ്ങളും നടത്തുന്നതിനും ഹൈസ്കൂൾ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. മിക്ക സ്കൂളുകളും സ്കൂൾ വക പത്രം പ്രസിദ്ധീകരിക്കുന്നു. അതു

സ്കൂളിനെ പററിയ സകല വിവരങ്ങളുമടങ്ങിയ ഒരു വാർഷികപ്രസിദ്ധീകരണമായിരിക്കും.

ജനകീയതത്വങ്ങരം അനുസരിച്ചു രൂപവൽകരിച്ച വിദ്യാർത്ഥികൌൺസിലുകളും വിദ്യാർത്ഥിഉദ്യോഗസ്ഥന്മാരും ഉള്ള സ്വയംഭരണസ്ഥാപനങ്ങരം വിദ്യാർത്ഥികരം തന്നേ ഏപ്പെടുത്തി നടത്തുന്നു. വിദ്യാർത്ഥികളെ സംബന്ധിക്കുന്ന കാര്യങ്ങളും സ്കൂളിൻെറ പൊതുനയവും തീരുമാനിക്കുന്നതിൽ വിദ്യാർത്ഥികൌൺസിലുകരംക്ക് സുപ്രധാനമായ ഒരു പങ്കുണ്ട്.

പാഠപുസ്തകങ്ങരം മാത്രം അടിസ്ഥാനമാക്കിയും ചോദ്യോത്തരരീതി ഉപയോഗിച്ചുമുള്ള വിദ്യാഭ്യാസസമ്പ്രദായം അമേരിക്കയിലെ പ്രാഥമിക പാഠശാലകളിലെന്നപോലെ ഹൈസ്കൂളുകളിലും ക്രമേണ അപ്രത്യക്ഷമായി വരുകയാണ്. വിദ്യാർത്ഥികരം തന്നേ മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിനും കൂട്ടുകൂടി പ്രവർത്തിക്കുന്നതിനും പ്രേരകങ്ങളായ ബോധനരീതികരംക്കാണ് ഇപ്പോരം പ്രാബല്യം സിദ്ധിച്ചു വരുന്നത്. ഇതുകൊണ്ടും വ്യക്തിഗതമായ കഴിവുകളും സാമൂഹ്യബോധവും വികസിപ്പിക്കാൻ പര്യാപ്തമായ പല പാഠ്യേതര പ്രവർത്തനങ്ങളിൽ ഏപ്പെടുന്നതുകൊണ്ടും അമേരിക്കൻ വിദ്യാർത്ഥികരം നാലോ ആറോ കൊല്ലത്തെ സെക്കൻഡറിവിദ്യാഭ്യാസം കഴിയുമ്പോരം ഉത്തരവാദബോധമുള്ള ചെറുപൌരന്മാരായി തീരുമെന്നു പ്രതീക്ഷിക്കാം.

സ്കൂരം ഭരണം

അമേരിക്കയിലെ പ്രാഥമിക–സെക്കൻഡറിസ്കൂളുകളിൽ 90 ശതമാനം സൌജന്യവിദ്യാഭ്യാസം നൽകുന്ന പബ്ലിക്ക് സ്കൂളുകളത്രെ. ആകെ വിദ്യാർത്ഥികളിൽ 90 ശതമാനവും പബ്ലിക്ക് സ്കൂളുകളിലാണ് പഠിക്കുന്നത്. സ്ഥലവാസികളിൽ നിന്നു് പിരിച്ചെടുത്ത നികുതികൊണ്ടാണ് ഈ സ്കൂളുകരം നടത്തുന്നത്. സംസ്ഥാനഗവമ്മെൻറും പ്രാദേശികഭരണസ്ഥാപനങ്ങളും ഇവയുടെ ഭരണം നടത്തുന്നു. ബാക്കി പത്തു ശതമാനം സ്കൂളുകളിൽ ബഹുഭൂരിഭാഗവും റോമൻകത്തോലിക്ക് സഭ നടത്തുന്ന സൌജന്യഇടവകപള്ളിക്കൂടങ്ങളാണ്. മററു ചില സഭാവിഭാഗങ്ങളും ചില സ്കൂളുകരം നടത്തുന്നുണ്ട്. ചില സഭകളോ സ്വകാര്യസംഘടനകളോ നടത്തുന്ന ചുരുക്കം ചില സെക്കൻഡറിസ്കൂളുകളിൽ വിദ്യാർത്ഥികളിൽ നിന്നു് ഫീസ്സ് വാങ്ങിക്കുന്നുണ്ട്. സൌജന്യ പബ്ലിക്ക് സ്കൂളുകളിൽ എല്ലാ അമേരിക്കൻ കുട്ടികരംക്കും പ്രവേശനമുണ്ട്. റോമൻകത്തോലിക്കർ ധാരാളമുള്ള സ്ഥലങ്ങളിൽ സൌജന്യ പബ്ലിക്ക് സ്കൂളുകരം കൂടാതെ ഇടവകപള്ളിക്കൂടങ്ങളും കാണാം. കത്തോ

ലിക്കരുടെ കുട്ടികൾ ഈ ഇടവക പള്ളിക്കൂടങ്ങളിൽ ചേർന്നു പഠിക്കുന്നു. ഈ സ്കൂളുകളിലെ അദ്ധ്യാപകർ പുരോഹിതന്മാരോ കന്യാസ്ത്രീകളോ ആയിരിക്കും. ഇവിടെ സാധാരണവിഷയങ്ങൾക്ക് പുറമേ മതവിഷയങ്ങളും പഠിപ്പിക്കും. ഇതാണ് പബ്ലിക്ക് സ്കൂളുകളും ഇവയും തമ്മിൽ വ്യത്യാസം. തങ്ങളുടെ കുട്ടികളെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പ്രത്യേകപരിത:സ്ഥിതിയിൽ പരിശീലിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നവരും, ഫീസ്സ് കൊടുക്കാൻ കഴിവുള്ളവരുമായ മാതാപിതാക്കളുടെ സൌകര്യം പ്രമാണിച്ച് ചില സ്വകാര്യപാഠശാലകളും നടത്തുന്നുണ്ട്.

മിക്കവാറും എല്ലാ പബ്ലിക്ക് സ്കൂളുകളും സഹവിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ആൺകുട്ടികൾക്കോ പെൺകുട്ടികൾക്കോ മാത്രമായി ചുരുക്കം ചില സെക്കൻഡറി സ്കൂളുകളുണ്ട്. ഇടവകസ്കൂളുകളും, പൊതുവേ പറഞ്ഞാൽ, സഹവിദ്യാലയങ്ങളാണ്. സ്വകാര്യസ്കൂളുകൾ ആൺകുട്ടികൾക്കു മാത്രമുള്ളതോ പെൺകുട്ടികൾക്ക് മാത്രമുള്ളതോ രണ്ടുകൂട്ടർക്കും കൂടിയുള്ളതോ ആയിരിക്കും.

സംസ്ഥാന വിദ്യാഭ്യാസവകുപ്പിൽ കൂടി സംസ്ഥാന ഗവമ്മെൻറ് പബ്ലിക്ക് സ്കൂളുകളുടെ ഭരണം നടത്തുന്നു. പാഠ്യപദ്ധതി, സ്കൂളുകളിലെ രക്ഷാനടപടിളും ശുചീകരണവും, അദ്ധ്യാപകന്മാരുടെ യോഗ്യതകളും സേവനവ്യവസ്ഥകളും, സ്കൂൾ ഭരണനടപടികൾ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ ചെയ്യുന്നത് സംസ്ഥാന വിദ്യാഭ്യാസബോർഡ് ആണ്.

പബ്ലിക്ക് സ്കൂൾ നടത്തിപ്പിൻെറ ചുമതല അതാതു സ്ഥലത്തെ വിദ്യാഭ്യാസബോർഡിൽ സ്ഥിതി ചെയ്യുന്നു. വിദ്യാഭ്യാസബോർഡിൽ അഞ്ചു മുതൽ ഒമ്പതുവരെ അംഗങ്ങൾ ഉണ്ടായിരിക്കും. ഇവരെ ഏതാനും കൊല്ലത്തെ സേവനത്തിനായി സ്ഥലവാസികൾ തിരഞ്ഞെടുക്കുന്നു. തദ്ദേശ വിദ്യാഭ്യാസബോർഡ് സ്കൂൾസൂപ്രണ്ടിനേയും അദ്ധ്യാപകരേയും നിയമിക്കുന്നു. അത്, സ്കൂളുകൾ ഉണ്ടാക്കി കൊടുക്കുകയും എല്ലാ കുട്ടികളും സ്കൂളിൽ ഹാജരാകുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്യുന്നു. സ്കൂൾ കെട്ടിടങ്ങൾക്കും സ്കൂൾ നടത്തിപ്പിനും ആവശ്യമായ ചെലവുകൾ നിർണ്ണയിക്കുന്നതു് ബോർഡാണ്. ആവശ്യമുള്ള പണം ഉണ്ടാക്കാൻ എത്രമാത്രം നികുതി ചുമത്തണമെന്ന് ബോർഡ്. പ്രാദേശിക തിരഞ്ഞെടുപ്പുകളിൽ നിർദ്ദേശിക്കുന്നു. അങ്ങനെ, വിദ്യാഭ്യാസബോർഡിലെ അംഗങ്ങളെ തിരഞ്ഞെടുത്തും അവർ നിർദ്ദേശിക്കുന്ന വിദ്യാഭ്യാസനികുതികളിന്മേൽ വോട്ടുചെയ്തും പൊതുജനങ്ങൾ സ്ഥലത്തെ വിദ്യാഭ്യാസനയം നിർണ്ണയിക്കുന്നു. പള്ളിക്കൂടവും വീടും തമ്മിൽ അനൌപചാരികമായ ഉററ സഹകരണം പുലത്തുന്നതിനു രൂപവൽ-

കരിക്കുന്ന അധ്യാപക-രക്ഷാകർത്തൃ സംഘടനകളിലൂടെയും പൌരന്മാർ സ്കൂൾ കാര്യങ്ങളിൽ നേരിട്ടു പങ്കെടുക്കുന്നു.

ഇടവക സ്കൂളുകൾക്ക് പണം ചെലവാക്കുന്നതും അവയുടെ ഭരണം നടത്തുന്നതും റോമൻകത്തോലിക്ക് സഭാധികൃതരാണ്. അവയും സംസ്ഥാനത്തിലെ വിദ്യാഭ്യാസമാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. സ്വകാര്യസ്കൂളുകൾക്ക് പണം ചെലവാക്കുന്നതും അവയുടെ ഭരണം നടത്തുന്നതും സ്വകാര്യ സംഘടനകളോ മതവിഭാഗങ്ങളോ ആയിരിക്കും. അവയും സംസ്ഥാന വിദ്യാഭ്യാസമാനദണ്ഡങ്ങൾ പാലിക്കണം.

ന്യൂയോർക്ക് സിററിഹൈസ്കൂളിലെ ഫിസിക്സ് ക്ലാസ്സിലെ കുട്ടികൾ മോളിക്യൂളർ സിദ്ധാന്തം സംബന്ധിച്ച ഒരു നിദർശനം കണ്ടുകൊണ്ടിരിക്കുന്നു. അമേരിക്കയിൽ സൗജന്യവിദ്യാഭ്യാസം നൽകുന്ന 29,000 ഹൈസ്കൂളുകളുണ്ട്.

കോളജുകളും യൂണിവേഴ്സിററികളും

അമേരിക്കയിൽ കോളേജുകളും യൂണിവേഴ്സിററികളുമായി ആകെ 1788 സ്ഥാപനങ്ങളുണ്ട്. 24,00,000-ൽ പരം വിദ്യാത്ഥികഠം ഇവയിൽ പഠിക്കുന്നു. ഹൈസ്ക്കൂഠം വിദ്യാഭ്യാസം പൂത്തിയാക്കുന്ന വിദ്യാത്ഥികളിൽ, കുറഞ്ഞതു് 40 ശതമാനം പേർ കോളജ് വിദ്യാഭ്യാസത്തിന്ന് പൊയ്ക്കൊണ്ടിരിക്കുന്നു.

ജൂണിയർ കോളജ്

അമേരിക്കയിലെ കോളജുകളും യൂണിവേഴ്സിററികളും പല തരത്തിലുള്ളവയാണ്. ജൂണിയർ കോളജാണ് ഇവയിൽ ഏററവും പുതിയതരം. ചില ജൂണിയർ കോളജുകഠം നികുതികൊണ്ടു് നടത്തുന്നവയാണ്. അതിനാൽ ഇവ സൌജന്യപബ്ലിക്ക് സ്ക്കൂഠംസമ്പ്രദായത്തിൻെറ ഒരു തുടർച്ചയാണെന്നു് പറയാം. ജൂണിയർ കോളജിൽ ആദ്യത്തെ രണ്ടു വഷക്കാലത്തെ കോളജ് വിദ്യാഭ്യാസം നൽകപ്പെടുന്നു. ചിലപ്പോഠം ഇതു് സീനിയർ ഹൈസ്കൂളുമൊന്നിച്ചായിരിക്കും. അമേരിക്കയിൽ ആകെയുള്ള 1788 ഉപരി വിദ്യാസ്ഥാപനങ്ങളിൽ 652 എണ്ണം ജൂണിയർ കോളജുകളാണ്. ഇവയിൽ ഏകദേശം 4,50,000 വിദ്യാത്ഥികഠം പഠിക്കുന്നുണ്ടു്.

ലിബറൽ ആർട്സ് കോളജ്

അമേരിക്കയിൽ ഏററവും സാധാരണമായി കണ്ടുവരുന്ന കോളജ് വിദ്യാഭ്യാസസ്ഥാപനമാണ് ലിബറൽ ആർട്ട്സ്കോളജ്. ഇവിടെ ആദ്യത്തെ രണ്ടു കൊല്ലങ്ങളിൽ ഇംഗ്ലീഷ്ഭാഷയും സാഹിത്യവും, ഒരു വിദേശഭാഷ, ചരിത്രം, സാമൂഹ്യരാഷ്ട്രീയ ശാസ്ത്രങ്ങഠം, പ്രകൃതിശാസ്ത്രം എന്നീ അടിസ്ഥാന വിഷയങ്ങഠം വിദ്യാത്ഥികഠം പഠിക്കുന്നു. ഇതിനുശേഷം അവർ പരസ്പരബന്ധമുള്ള ഏതാനും വിഷയങ്ങളെടുത്തു് പഠിച്ചു് അവയിൽ പ്രത്യേകവൈദഗ്ദ്ധ്യം നേടുന്നു. ഭാഷയും സാഹിത്യവും, ഊർജ്ജതന്ത്രവും രസതന്ത്രവും, രാഷ്ട്രീയ സാമൂഹ്യശാസ്ത്രങ്ങഠം മുതലായവയാണ് അങ്ങനെ തിരഞ്ഞെടുത്തു പഠിക്കാവുന്ന വിഷയങ്ങഠം. ഈ വിഷയങ്ങളുടെ പഠനത്തിൽ മുഖ്യമായി ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ഒടുവിലത്തെ രണ്ടു വഷകാലത്തു്, വിശാലമായ വിദ്യാഭ്യാസപശ്ചാത്തലം നൽകുന്ന മററു ചില വിഷയങ്ങളും തിരഞ്ഞെടുത്തു് പഠിക്കാൻ വിദ്യാത്ഥികഠംക്കു് സൌകര്യമുണ്ടു്. ഒരു അമേരിക്കൻ കോളജിൽ സാധാരണയായി അനേകശതം വിഷയങ്ങഠം പഠിപ്പിക്കു

ന്നുണ്ടാവും. നാലുകൊല്ലത്തിനിടക്ക് അവയിൽ 30 വിഷയങ്ങളിൽ കൂടുതൽ ഒരു വിദ്യാർത്ഥിക്കു പഠിക്കാൻ സാദ്ധ്യമല്ല. അതിനാൽ അനേകം വിഷയങ്ങളിൽ നിന്നു് ഏതാനും വിഷയങ്ങൾ ഇഷ്ടംപോലെ തിരഞ്ഞെടുക്കാനുള്ള സൌകര്യം ധാരാളമുണ്ടെന്നു സ്പഷ്ടം.

ലിബറൽ ആർട്ട്സ് കോളജിലെ വിദ്യാർത്ഥി സാധാരണമായി ദിവസം മൂന്നോ നാലോ മണിക്കൂർ വീതം ആഴ്ചയിൽ അഞ്ചോ അഞ്ചരയോ ദിവസം ക്ലാസ്സിൽ ഹാജരായി പഠിക്കണം.

ഒരു വിഷയത്തിൻെറ പ്രാരംഭഘട്ടത്തിൽ പഠിപ്പുചൊല്ലലും ചർച്ചയും ചേന്ന അദ്ധ്യാപനസമ്പ്രദായമാണ് സാധാരണ സ്വീകരിച്ചു കാണുന്നതു്. വിഷയം കുറേക്കൂടി പുരോഗമിക്കുമ്പോൾ പ്രൊഫസ്സർ ഏതാനും പ്രഭാഷണങ്ങൾ നൽകിത്തുടങ്ങുന്നു. പ്രഭാഷണങ്ങൾ കേൾക്കുന്നതിന് പുറമേ, താനെടുത്തിരിക്കുന്ന വിഷയം സംബന്ധിച്ചു് വിദ്യാർത്ഥി വളരെയധികം വായിക്കുകയും, വിഷയത്തിൻെറ ചില പ്രത്യേകവശങ്ങൾ ആസ്പദമാക്കി പ്രബന്ധങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്ക് ചിലപ്പോഴൊക്കെ ക്ലാസ്സിൽ ഹാജരാകാതിരിക്കാൻ അനുവാദമുണ്ട്; അതു് പതിവാക്കരുതെന്നേയുള്ളു.

കോളജിലെ അദ്ധ്യയനവർഷം, നാലരമാസം വീതമുള്ള വിഭാഗങ്ങളായോ, മൂന്നുമാസം വീതമുള്ള വിഭാഗങ്ങളായോ വിഭജിക്കപ്പെടുന്നു. നാലരമാസത്തെ കോഴ്സിന് 'സെമിസ്റ്റർ' എന്നും, മൂന്നുമാസത്തെ കോഴ്സിന് 'ക്വാർട്ടർ' എന്നും പറയുന്നു. ഓരോ കോഴ്സിൻെറയും അവസാനത്തിലുള്ള പരീക്ഷ വിദ്യാർത്ഥികൾ പാസ്സാകേണ്ടതാണ്. ക്ലാസ്സിലെ പഠിത്തം, പരീക്ഷാവിജയം എന്നീ ഘടകങ്ങൾ അടിസ്ഥാനമാക്കി ഓരോ കോഴ്സിൻെറ അവസാനത്തിൽ വിദ്യാർത്ഥിക്ക് ഒരു ഗ്രേഡ് നൽകുന്നു: വളരെ നല്ലതു് 'എ' ഗ്രേഡ്; നല്ലതു് 'ബി'; സാമാന്യം നല്ലതു് 'സി'; മോശം 'ഡി'; അതൃപ്തികരം 'ഇ' അല്ലെങ്കിൽ 'എഫ്'. വിദ്യാർത്ഥിക്ക് എല്ലാ കോഴ്സുകളിലും ശരാശരി സി ഗ്രേഡ് ലഭിക്കുന്നില്ലെങ്കിൽ കോളജിൽ പഠിത്തം തുടരാൻ അയാളെ അനുവദിക്കുകയില്ല. ബി യിൽ കവിഞ്ഞ ഗ്രേഡ് കിട്ടുന്ന വിദ്യാർത്ഥിക്ക് പ്രത്യേകബഹുമതികൾ നൽകപ്പെടും. ഇവയിൽ ഏററവും പ്രധാനം, 'ഫൈ ബീററാ കാപ്പാ' എന്ന ദേശീയ സാഹോദര്യസംഘത്തിലെ അംഗത്വമാണ്.

വിദ്യാർത്ഥി സ്വതന്ത്രമായി പഠിക്കുകയും ഗവേഷണങ്ങൾ നടത്തുകയും ചെയ്യുന്ന രീതി അമേരിക്കൻ കോളജുകളിൽ പ്രബലപ്പെട്ടുവരികയാണ്. ക്ലാസ്സിലെ പതിവുപോലുള്ള പഠിത്തം കൊണ്ടു മാത്രം തൃപ്തിപ്പെടാതെ വിദ്യാർത്ഥി

ഒരു പ്രത്യേകവിഷയം തിരഞ്ഞെടുത്ത് സ്വതന്ത്രമായി പഠനം നടത്തുന്നു. അയാ ൾക്ക് പ്രൊഫസ്സർമാരിൽനിന്നു ഉപദേശങ്ങളും സഹായങ്ങളും ലഭിക്കും. വി ശിഷ്ടസാമർത്ഥ്യം പ്രദർശിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് (പ്രത്യേകിച്ചും ഒടുവില ത്തെ രണ്ടുകൊല്ലത്തെ പഠിത്തത്തിൽ) വിശേഷാൽ സൌകര്യങ്ങളും സ്വാതന്ത്ര്യ വും നൽകാറുണ്ട്. മുൻപ് ഇത്, ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് മാത്രമേ നൽകിയിരുന്നുള്ളു. അങ്ങനെ സെക്കൻഡറി–എലിമെൻററി വിദ്യാഭ്യാസ ങ്ങളിലെന്നപോലെ ഉന്നതവിദ്യാഭ്യാസത്തിലും ഗതാനുഗതികവും സാമ്പ്രദായി കവുമായ ബോധനരീതികൾ അമേരിക്കയിൽ അപ്രത്യക്ഷമായി വരികയാണ്. എങ്കിലും തന്നത്താൻ തീരുമാനങ്ങൾ ചെയ്യാൻ പ്രാപ്തനാകുന്നതുവരെ വിദ്യാ ർത്ഥിയുടെ മേൽ നിയന്ത്രണങ്ങൾ ഉണ്ടായിരിക്കും. തൻെറ കഴിവുകൾ ഏററവും പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ എല്ലാ ഘട്ടങ്ങളിലും വിദ്യാർത്ഥിക്ക് ഉപദേശങ്ങളും പ്രോത്സാഹനങ്ങളും നൽകും.

സർവ്വകലാശാല

ലിബറൽ ആർട്സ് കോളജ് മിക്കപ്പോഴും അതേ പേരിലറിയപ്പെടുന്ന വലിയ ഒരു സർവ്വകലാശാലയോട് ചേർന്നതായിരിക്കും. അമ്മാതിരി കോള ജുകളിൽ ബി. എ. ബിരുദത്തിനുള്ള അടിസ്ഥാനകോഴ്സുകൾ നടത്തുന്നു. ഇതിനോടു ചേർന്ന്, സാങ്കേതിക വിദ്യാഭ്യാസവും തൊഴിൽവിദ്യാഭ്യാസവും നൽകുന്ന മററു പല കോളജുകളും ഉണ്ടായിരിക്കും.

സർവ്വകലാശാലയിലെ വിദ്യാർത്ഥിക്ക് ഇതിലേതെങ്കിലുമൊരു കോളജിൽ ചേർന്നു പഠിക്കാം. ബി. എ. ബിരുദം നേടിയശേഷം ഒരു വർഷം കൂടി പഠി ച്ചാൽ എം. എ. (മാസ്റ്റർ ഓഫ് ആർട്ട്സ്) ബിരുദമോ എം. എസ്. (മാസ്റ്റർ ഓഫ് സയൻസ്) ബിരുദമോ നേടാം. എം. എ. ഡിഗ്രിക്ക് 'ഹ്യൂമാനി ററീസി'ൽ ഏതെങ്കിലും ഒരു വിഷയവും എം. എസ്. ഡിഗ്രിക്ക് ശാസ്ത്ര വിഷയങ്ങളിൽ ഏതെങ്കിലുമൊന്നും പഠിക്കണം. ബി. എ. ബിരുദം നേടിക്ക ഴിഞ്ഞ് മൂന്നോ നാലോ കൊല്ലം പഠിക്കുകയും, സ്വതന്ത്രമായി ഉയർന്നതരം ഗവേഷണം നടത്തുന്നതിന് പ്രാപ്തിയുണ്ടെന്ന് തെളിയിക്കുകയും ചെയ്താൽ ഒരു വിദ്യാർത്ഥിക്ക് അമേരിക്കയിലെ ഏററവും വലിയ ഡിഗ്രി ആയ പി എച്ച്. ഡി. (ഡോക്ടർ ഓഫ് ഫിലോസഫി) കരസ്ഥമാക്കാം. പി എച്ച്. ഡി. ബിരുദം നേടുന്നതിനു മുമ്പ് എം. എ. ഡിഗ്രിയോ എം. എസ്. ഡിഗ്രി യോ എടുക്കണമെന്നില്ല. ഇതല്ലെങ്കിൽ, ബാച്ചിലർ ഓഫ് ലോസ് (ബി. എൽ), ഡോക്ടർ ഓഫ് മെഡിസിൻ (എം. ഡി), ഡോക്ടർ ഓഫ് എൻജി നീയറിംഗ് എന്നിങ്ങനെ തൊഴിൽപരമായ ഡിഗ്രികളും എടുക്കാവുന്നതാണ്.

ബി എല്ലിന്, ബി എ കഴിഞ്ഞു രണ്ടു കൊല്ലവും എം ഡി ക്ക് ബി എ യോ ബി എസ്സോ കഴിഞ്ഞ് നാലു കൊല്ലവും പഠിക്കണം.

ഒരു അമേരിക്കൻ സവ്വകലാശാലയിലെ വിദ്യാഭ്യാസസൌകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാൻ ന്യൂയോക്ക് നഗരത്തിലെ കൊളംബിയാ യൂണിവേഴ്സിററി ഒരു ഉദാഹരണമായെടുക്കാം. അമേരിക്കയിലെ ഏററവും വലുതും പ്രസിദ്ധപ്പെട്ടതുമായ യൂണിവേഴ്സിററികളിൽ ഒന്നാണ് കൊളംബിയാ. കൊളംബിയാ യൂണിവേഴ്സിററിയിൽ താഴെ പറയുന്ന കോളജു



കാലിഫോർണിയയിൽ പാലോആൽട്ടോവിലെ യൂണിവേഴ്സിററി ക്യാംപസിന്റെ ഒരു കാഴ്ച. അമേരിക്കയിലെ ഒരു വലിയ യൂണിവേഴ്സിററിയായ സ്റ്റാൻഫോഡ് സവ്വദേശീയധാരണയും സഹകരണവും വദ്ധിപ്പിക്കാൻ വളരെ ശ്രമിക്കുന്നുണ്ട്. ഇവിടെ ഏകദേശം 7500 വിദ്യാർത്ഥികളുണ്ട്.

കളുണ്ട്: (കൊളംബിയായിൽ ഇവയ്ക്കു് സ്ക്കൂളുകൾ എന്നാണ് പറയുന്നതു്). കൊളംബിയാ കോളജും പൊതുവിഷയപഠനസ്ക്കൂളും (ലിബറൽ ആർട്ട്സ് കോളജ്), സ്ക്കൂൾ ഓഫ് ബിസിനസ് (വ്യാപാരം), സ്ക്കൂൾ ഓഫ് ആർക്കിട്ടെക്ചർ (ശില്പവിദ്യ), സ്ക്കൂൾ ഓഫ് മെഡിസിൻ (വൈദ്യം), സ്ക്കൂൾ ഓഫ് എൻജിനീയറിംഗ്, സ്ക്കൂൾ ഓഫ് ജേർണലിസം (പത്രപ്രവർത്തനം), രാഷ്ട്രമീമാംസയ്ക്കും തത്വശാസ്ത്രത്തിന്നും കേവലശാസ്ത്രത്തിന്നുമുള്ള ഫാക്കൽട്ടികൾ, സ്ക്കൂൾ ഓഫ് ലൈബ്രറി സർവ്വീസ് (ഗ്രന്ഥശാലാസേവനം), സ്ക്കൂൾ ഓഫ് ലോ (നിയമം), സ്ക്കൂൾ ഓഫ് ഇൻറർനാഷനൽ അഫയേഴ്സ് (സാർവ്വദേശീയ കാര്യങ്ങൾ), ടീച്ചേഴ്സ് കോളേജ് (അദ്ധ്യാപനം), ന്യൂയോർക്ക് സ്ക്കൂൾ ഓഫ് സോഷ്യൽ വർക്ക് (സമുദായസേവനം), കോളേജ് ഓഫ് ഫാർമസി (ഔഷധനിർമ്മാണം), കോളേജ് ഓഫ് ഒപ്റേറാമെടി (കണ്ണു പരിശോധിച്ചു കണ്ണട നിർദ്ദേശിക്കുന്ന വിദ്യ). കൊളംബിയാ യൂണിവേഴ്സിററി അനേകായിരം കോഴ്സുകൾ പഠിപ്പിക്കുകയും അൻപതോളം ബിരുദങ്ങൾ നൽകുകയും ചെയ്യുന്നു. ഇവിടെ ആകെ 2,200 അദ്ധ്യാപകന്മാരും 30,000 വിദ്യാർത്ഥികളുമുണ്ട്. ഇതിന്നു് ഏഴരക്കോടി ഡോളറിൻെറ എൻഡവ്മെൻറ് (നിക്ഷിപ്തധനസഹായം) ഉണ്ട്. വാർഷികബഡ്ജററ് ഒന്നരക്കോടി ഡോളറാണ്. കൊളംബിയാ സർവ്വകലാശാലയ്ക്കു് നഗരത്തിൽ 841 ഏക്കർ സ്ഥലമുണ്ട്. ഈ വസ്തുക്കളുടേയും കെട്ടിടങ്ങളുടേയും ഉപകരണങ്ങളുടേയും മൊത്തം വില 5 കോടി 80 ലക്ഷം ഡോളർ വരും. ഇതിൻെറ 12 ലൈബ്രറികളിൽ ആകെ 16,65,181 പുസ്തകങ്ങൾ ഉണ്ട്.

കോളജ് ജീവിതം

ഒരു വിദ്യാർത്ഥി പഠിക്കുന്നതു്—കോളജിലോ യൂണിവേഴ്സിററിയിലോ വലിയ വിദ്യാഭ്യാസസ്ഥാപനത്തിലോ ചെറിയ വിദ്യാഭ്യാസസ്ഥാപനത്തിലോ—എവിടെയായിരുന്നാലും അവൻെറ കോളജ് ജീവിതത്തിൽ വലിയ വ്യത്യാസമൊന്നുമുണ്ടാവുന്നില്ല. ഏതായാലും അവൻ സ്വന്തം വീട്ട് വിട്ട്, കോളേജ് സ്ഥിതിചെയ്യുന്ന പട്ടണത്തിലോ നഗരത്തിലോ പോയി താമസിക്കേണ്ടിവരും. അവൻ 'ഡോർമിററി', 'ഫ്രെറേർണിററി', 'സൊറോറിററി' മുതലായ ഹോസ്റ്റൽസ്ഥാപനങ്ങളിലോ ബന്ധുമിത്രാദികളോടൊന്നിച്ചോ മുറി വാടകക്കെടുത്തോ താമസിക്കുന്നു. അങ്ങനെ അമേരിക്കൻ കോളജ് കാമ്പസിലെ പ്രത്യേക ജീവിതത്തിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥി പകൽ സമയം അധികവും കോളജ് ക്ലാസ്സുകളിൽ ഹാജരായി പഠിക്കുന്നു. ചിലർ

ഒഴിവു സമയത്ത് എന്തെങ്കിലും ജോലി ചെയ്ത് പണമുണ്ടാക്കുന്നു. മററു ചിലർ ഒഴിവു സമയത്ത് കോളജിലെ വിവിധ പാഠ്യേതര പ്രവത്തനങ്ങളിൽ ഏപ്പെടുന്നു. സന്ധ്യാസമയം വിദ്യാത്ഥികഠം പഠിത്തത്തിന് ഉപയോഗിക്കുന്നു. ചിലർ അപ്പോഠം സാമൂഹ്യപ്രവത്തനങ്ങളിൽ ഏപ്പെടാറുമുണ്ട്. പ്രത്യേകിച്ച് ശനിയാഴ്ചയും ഞായറാഴ്ചയും കളിയിലും വ്യായാമങ്ങളിലും സാമൂഹ്യവും മതപരവുമായ പ്രവത്തനങ്ങളിലും ഏപ്പെടുന്നതിന് വിദ്യാർത്ഥികഠംക്ക സാധിക്കുന്നു. നാലുവഷത്തേക്ക് വിദ്യാർത്ഥി കോളജ് സമൂഹജീവിതത്തിൻെറ ഒരു ഘടകമാണ്. ഒരു ചെറിയ കോളജാണെങ്കിൽ അവിടെ ഏകദേശം 1000 പേർ കാണും; വലിയ ഒരു യൂണിവേഴ്സിററിയാണെങ്കിൽ 10,000 മോ അതിൽ കൂടുതലോ ഉണ്ടാവും. ചെറുതായാലും വലുതായാലും കോളജ് സമുദായം കെട്ടുറപ്പുള്ള ഒന്നാണ്. കോളജ് ജീവിതകാലത്ത് വിദ്യാർത്ഥിയുടെ പ്രധാനതാൽപര്യങ്ങഠം ഈ ജനസമുദായത്തിൻെറ പ്രവത്തനങ്ങളായിരിക്കും.

അമേരിക്കൻ കോളജ് വിദ്യാഭ്യാസത്തിൻെറ ഒരു പ്രത്യേകത, ഭൂരിപക്ഷം വിദ്യാർത്ഥിനീവിദ്യാർത്ഥികളും അവരുടെ പഠിത്തച്ചെലവിന് വേണ്ട പണം, എന്തെങ്കിലും ജോലി ചെയ്ത് സമ്പാദിക്കുന്നു എന്നതാണ്. ഇത് അവക്ക് ഒരു കഷ്ടപ്പാടായി തോന്നുന്നില്ല. അദ്ധ്യയനകാലത്ത് ഒഴിവുസമയങ്ങളിൽ അവർ വിളമ്പുകാരായും പാത്രം കഴുകൽകാരായും കെട്ടിടം സൂക്ഷിപ്പുകാരായും മെസ്സാട്ടുപണിക്കാരായും സ്റ്റോർ ക്ലാക്കുമാരായും ട്യൂട്ടർമാരായും ജോലി ചെയ്യുന്നു. ദീർഘമായ വേനലവധിക്ക്, അവർ മുഴുവൻ സമയവും ജോലിചെയ്യുന്നു. കൃഷിപ്പണി, റോഡുപണി, ലോറിഡ്രൈവിംഗ് മുതലായ കായക്ലേശകരങ്ങളായ വേലകളും അക്കാലത്തവർ തിരഞ്ഞെടുക്കുന്നു. ചിലര ക്യാമ്പ് സൂപ്പർവൈസർമാരായും ദേശീയോദ്യാനങ്ങളിലെ വഴികാട്ടികളായും പണിയെടുക്കുന്നു. പലരും സ്റ്റോറുകളിലും ഫാക്ടറികളിലും ജോലിചെയ്യുന്നു. എവിടെ എന്തു ജോലി കിട്ടിയാലും ചെയ്യാൻ വിദ്യാത്ഥികഠം സന്നദ്ധരാണ്. അമേരിക്കൻ കോളജ്‌വിദ്യാത്ഥി വിദ്യാഭ്യാസച്ചെലവിന് പണിയെടുത്ത് പണമുണ്ടാക്കുന്നതിനാൽ അവനു ലഭിക്കുന്ന വിദ്യാഭ്യാസം അവൻ കൂടുതൽ വിലമതിക്കുന്നു.

യുദ്ധാനന്തരകാലത്തെ അമേരിക്കൻ കോളജിൻെറ ഒരു പ്രത്യേകത, രണ്ടാംലോകയുദ്ധത്തിൽ പങ്കെടുത്ത വിമുക്തഭടർ(സ്ത്രീകളും പുരുഷന്മാരും) ആയിരക്കണക്കിന് അതിൽ ചേന്ന് പഠിക്കുന്നുണ്ടെന്നതാണ്. പലേടത്തും വിദ്യാത്ഥികളിൽ പകുതിപ്പേരും, കൂടുതൽ പ്രായമുള്ളവരും ലോകപരിചയം സിദ്ധിച്ചവരുമത്രെ. അവരിൽ പലരും വിവാഹിതരും കുടുംബസംബന്ധമായ

ഉത്തരവാദിത്വങ്ങളും ഉള്ളവരുമാണ്. കോളജ് വിദ്യാഭ്യാസത്തിന്റെ വില നേരിൽ കണ്ടു മനസ്സിലാക്കിയതുകൊണ്ടത്രെ അവർ കോളജിലേക്ക് വീണ്ടും വരുന്നത്. ഈ വിദ്യാത്ഥികൾ, 'ജി. ഐ. ബിൽ ഓഫ് റൈററ്സ്' എന്ന നിയമത്തിലെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തുന്നു. ഈ നിയമമനുസരിച്ച് വിമുക്തഭടന്ന് ഫീസിനും താമസച്ചെലവിനും വേണ്ടത്ര പണം വേതനമായി ലഭിക്കും.

പുറത്തുനിന്നു വരുന്ന ഒരു സന്ദർശകന്റെ ശ്രദ്ധ ഏററവുമധികമാകർഷിക്കുന്നത് അമേരിക്കൻ കോളജിലെ കായിക വിനോദ പരിപാടികളായിരിക്കാം. കോളജിലെ ടീമുകൾ തമ്മിലും പല കോളജുകൾ തമ്മിലും മത്സരം സവ്വസാധാരണമാണ്. ശനിയാഴ്ച ഉച്ചയ്ക്കുശേഷം നടത്തുന്ന ഫുട്ബോൾ കളികൾ കാണാൻ അനേകശതം മൈൽ അകലെ നിന്ന് ലക്ഷക്കണക്കിന് ആളുകൾ വരാറുണ്ട്. എന്നാൽ വളരെയധികം വിദ്യാത്ഥികളുടേയും വ്യക്തിപരമായ വികസനത്തിന് സഹായിക്കുന്നത് മററു ചില പാഠ്യേതര പ്രവത്തനങ്ങളാണ്. മിക്കവാറും എല്ലാ കോളജുകളിലും സിംഫോണിക്ക് ഓർക്കെസ്ട്രാ തുടങ്ങിയ സംഗീതസംഘങ്ങൾ ഉണ്ട്. എല്ലാ കോളജുകളിലും ക്രമമായി നാടകങ്ങൾ അഭിനയിക്കുകയും മാസികകൾ പ്രസിദ്ധീകരിക്കുകയും പ്രത്യേക പ്രസംഗങ്ങളും പാട്ടുകച്ചേരികളും ഏർപ്പാടുചെയ്യുകയും വിദ്യാത്ഥികൾക്ക് പലതരം സംഘടനകളും പ്രവത്തനങ്ങളും രൂപവൽക്കരിക്കാൻ സൌകര്യം ഉണ്ടാക്കി കൊടുക്കുകയും ചെയ്യുന്നു. തൊഴിൽ, സാഹിത്യം, കല, കായികവിനോദങ്ങൾ, സൈന്യം, രാഷ്ട്രീയകാര്യങ്ങൾ, സാവ്വദേശീയ കാര്യങ്ങൾ, മതം, ഹോബി (വിശ്രമവേലാവിനോദം) എന്നിവ സംബന്ധിച്ച സംഘടനകളായിരിക്കും അവ. ഈ വക പ്രവത്തനങ്ങളാണ് കോളജ് ജീവിതം വിദ്യാത്ഥിക്ക് വളരെ രസപ്രദമാക്കിത്തീക്കുന്നത്.

അമേരിക്കൻ വിദ്യാത്ഥികൾ കോളേജ് പ്രവത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ പതിച്ചിരുന്നതിനാൽ സമുദായകാര്യങ്ങളിലും ദേശീയകാര്യങ്ങളിലും ലോക കാര്യങ്ങളിലും ശ്രദ്ധിക്കുന്നതിന് അവർക്ക് സാധിക്കാതിരുന്ന കാലമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. വിമുക്തഭടന്മാർ കോളേജിലേക്ക് തിരിച്ചു വന്നതിനാലും ലോകകാര്യങ്ങൾക്കായി വിദ്യാത്ഥികളെ പരിശീലിപ്പിക്കുന്നതിൽ കോളേജുകൾക്ക് സുപ്രധാനമായ ഒരു പങ്കുണ്ടെന്ന് വിദ്യാഭ്യാസപ്രവത്തകർക്കും വിദ്യാത്ഥികൾക്കും ബോദ്ധ്യമായതിനാലും സമാധാനപൂണ്ണമായ ഒരു ലോകം സംസ്ഥാപിക്കുന്നതിന് അമേരിക്കയ്ക്കുള്ള കത്തവ്യത്തെപ്പററി അമേരിക്കയിലെ എല്ലാ ജനവിഭാഗങ്ങളും മനസ്സിലാക്കിയതിനാലും അമേരിക്കൻ കോളജുകൾ ലോകകാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി



ഇന്ത്യൻ സ്കൂൾ കുട്ടികൾ വരച്ച ചിത്രങ്ങൾ വാഷിംഗ്ടണിലെ ട്രൂസ്ഡെൽ എലിമെൻററി സ്കൂളിലെ രണ്ടു കുട്ടികൾ കാണുന്നു. ഒരു കലാപ്രദർശനത്തിന് 27 രാജ്യങ്ങളിലെ കുട്ടികൾ സംഭാവന ചെയ്ത 350-ൽ പരം ചിത്രങ്ങളിൽ ചിലതാണിവ. ലോകത്തിലെ കുട്ടികളുടെ ഇടയിൽ സൗഹാർദ്ദവും സൌജന്യവും വർദ്ധിപ്പിക്കാൻ സമാധാനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സാർവ്വദേശീയ മഹിളാലീഗിൻെറ ലോകസൗഹാർദ്ദ കലാപരിപാടിയുടെ ആഭിമുഖ്യത്തിലാണ് കലാപ്രദർശനം നടത്തിയത്.

വരുന്നു. അമേരിക്കയിൽ അനേകായിരം വിദേശീയവിദ്യാൎത്ഥികളുടെ സാന്നിദ്ധ്യവും അനേകായിരം അമേരിക്കൻ വിദ്യാൎത്ഥികൾ വിദേശരാജ്യങ്ങൾ സന്ദൎശിച്ചിട്ടുണ്ടെന്ന വസ്തുതയും അമേരിക്കൻ കോളേജ് ജീവിതത്തിൽ ഒരു ലോകപൌരബോധം വളൎത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

കോളജുകളുടെയും യൂണിവേഴ്സിററികളുടെയും ഘടനയും ഭരണവും

അമേരിക്കയിലെ സാധാരണ ലിബറൽ ആർട്ട്സ് കോളജ് 1000 നും 2000 നും ഇടയ്ക്കു വിദ്യൎത്ഥികളുള്ള ഒരു സഹവിദ്യാഭ്യാസസ്ഥാപനമാണ്. അദ്ധ്യാപകരും ഭരണകൎത്താക്കളും ഉൾപ്പെട്ട അതിൻെറ ഫാക്കൽട്ടിയിൽ 100 മുതൽ 400 വരെ അംഗങ്ങൾ ഉണ്ടായിരിക്കും. രസതന്ത്രം, ഗണിതശാസ്ത്രം, ഇംഗ്ലീഷ്, ഫ്രഞ്ച്, കല എന്നിങ്ങിനെ ഓരോ വിഷയത്തിനും ഓരോ ഡിപ്പാൎട്ടുമെൻറുണ്ടായിരിക്കും. ഓരോ ഡിപ്പാൎട്ടുമെൻറിൻെറയും തലവൻ ഒരു പ്രൊഫസറാണ്. അദ്ധ്യാപനത്തിൽ അദ്ദേഹത്തെ സഹായിക്കാൻ അസോസ്യേററ് പ്രൊഫസർമാരും അസിസ്റ്റണ്ട് പ്രൊഫസർമാരും ഇൻസ്ട്രക്ടർമാരും അസിസ്റ്റണ്ടുമാരും ഉണ്ട്. വിദ്യാൎത്ഥിവൃന്ദത്തിൻെറ ഭരണമേധാവികളായി 'ഡീൻ' എന്ന പേരിൽ ഏതാനും ഉദ്യോഗസ്ഥന്മാരുണ്ട്. കോളജിൻെറ മുഴുവൻ ഭരണാധികാരി പ്രസിഡണ്ട് ആണ്. പ്രസിഡണ്ടിനും മേലായി സാധാരണയായി ട്രസ്ററികളുടെ ഒരു ബോർഡ് ഉണ്ടാവും. ഇവർ, കോളജിൻെറ സ്ഥാപകന്മാരേയും നടത്തിപ്പുകാരേയും ബിരുദധാരിസംഘത്തേയും പ്രതിനിധീകരിക്കുന്നു.

ലിബറൽ ആർട്സ് കോളേജ് ഒരു സ്വകാൎയ്യസ്ഥാപനമാണ്. പൊതുജനങ്ങൾക്ക് അതിൻെറ ഉടമസ്ഥാവകാശമോ നിയന്ത്രണാധികാരമോ ഇല്ല. അതു്, പലരുടേയും സഹായങ്ങളും സംഭാവനകളും കൊണ്ട് വളൎന്നു വന്നിട്ടുള്ളതാണ്. മതവിഭാഗങ്ങളാണ് മിക്ക കോളജുകളും സ്ഥാപിച്ചതു്. അവയുടെ നിയന്ത്രണത്തിൽ തന്നെ കോളജുകൾ തുടൎന്നുപോരുന്നു. അവയ്ക്കു് ഉദാരമതികളായ ധനികന്മാരിൽനിന്നു ഭൂമിയും കെട്ടിടവും പണവും ദാനമായി ലഭിച്ചിരിക്കും. പൂൎവ്വവിദ്യാൎത്ഥികളിൽനിന്നും അവയ്ക്കു് സഹായങ്ങൾ ലഭിക്കും. കോളജിന്നു് കെട്ടുപിണഞ്ഞ ഒരു സ്വയംഭരണപദ്ധതി ഉണ്ട്. അതിൽ രക്ഷാധികാരികൾക്കും പൂൎവ്വവിദ്യാൎത്ഥികൾക്കും അദ്ധ്യാപകന്മാൎക്കും വിദ്യാൎത്ഥികൾക്കും പ്രാതിനിധ്യം നൽകിയിരിക്കുന്നു. വിദ്യാഭ്യാസകാൎയ്യങ്ങളിൽ കോളജിൻെറ നയം നിശ്ചയിക്കുന്നതു് അദ്ധ്യാപകസമിതിയാണ്. വിദ്യാൎത്ഥികളുടെ കാൎയ്യങ്ങളിൽ വിദ്യാൎത്ഥിസംഘടനയ്ക്കു സ്വാധീനം ചെലുത്താൻ

കഴിയും. അദ്ധ്യാപകസമിതിയും വിദ്യാത്ഥിസംഘടനയും സ്വയംഭരണ സ്ഥാപനങ്ങളാണ്.

യൂണിവേഴ്സിററി പ്രൈവററോ പബ്ലിക്കോ ആയിരിക്കാം. പ്രൈവററാണെങ്കിൽ അതിൻെറ ഭരണം ലിബറൽ ആർട്സ് കോളജിൻേറതിൽ നിന്ന് വ്യത്യസ്തമല്ല. പബ്ലിക് ആണെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടതോ നിയമിക്കപ്പെട്ടതോ ആയ ഒരു 'ഗവണ്ണർ ബോർഡാ'ണ് ഭരണം നടത്തുന്നത്. എന്നാൽ പ്രസിഡണ്ടിന്നും അദ്ധ്യാപക്കും വിദ്യാത്ഥികൾക്കും പ്രൈവററ് ലിബറൽ ആർട്സ് കോളജിലേപ്പോലെ പദവികളും അവകാശങ്ങളും ഉണ്ടായിരിക്കും.

അമേരിക്കയിലെ കോളജ്ജുകൾക്കും യൂണിവേഴ്സിററികൾക്കുമായി വമ്പിച്ച മുതൽ മുടക്കിയിട്ടുണ്ട്. ആ മുതൽമുടക്ക് എത്രത്തോളമെന്ന് കൃത്യമായി നിണ്ണയിക്കുക മിക്കവാറും അസാദ്ധ്യമാണ്. എങ്കിലും ഏകദേശമായി കണക്കാക്കിയാൽ യന്ത്രസാമഗ്രികൾക്കും ഉപകരണങ്ങൾക്കും 300 കോടി ഡോളറും നിക്ഷേപത്തുക(എൻഡോമെൻറ്)കളായി 200 കോടി ഡോളറും മററു മൂലധനങ്ങളായി 300 കോടി ഡോളറും മുതൽമുടക്കുണ്ടെന്നു കാണാം. കൊല്ലംതോറുമുള്ള മൊത്തം വിദ്യാഭ്യാസച്ചെലവ് 100 കോടി ഡോളറിലധികം വരും. ഈ ഭീമയായ തുകകളുടെ അത്ഥമെന്തെന്ന് ശരിക്കു മനസ്സിലാക്കാൻ പ്രയാസമാണ്. എങ്കിലും ഈ വസ്തുതകൾ പ്രത്യേകം ശ്രദ്ധേയമാണ്: 1) അമേരിക്കയിലെ ഉപരിവിദ്യാഭ്യാസത്തിന് മുതൽ മുടക്കിയത് അധികപങ്കം ഗവൺമെൻറല്ല; വ്യക്തികളും സ്വകാൎയ്യസംഘടനകളുമാണ്. അമേരിക്കൻ കോളജ്ജുകളും യൂണിവേഴ്സിററികളും സ്വകാൎയ്യോദ്യമത്തിൻെറയും ലോകോപകാരതൽപരതയുടേയും സ്മാരകങ്ങളാണ്. 2) വിദ്യാത്ഥിയുടെ കോളജ്ജ വിദ്യാഭ്യാസത്തിന് വാസ്തവത്തിൽ ചെലവാകുന്നതിൻെറ ഒരു ചെറിയ അംശം മാത്രമേ അയാൾ കൊടുക്കുന്നുള്ളു—25 ശതമാനത്തിൽ കൂടുതലല്ലാത്ത ഒരംശം.

അമേരിക്കയിലെ വിദേശ്യവിദ്യാത്ഥികഠം

അമേരിക്കയിലെ കോളജ്ജുകളിലും യൂണിവേഴ്സിററികളിലുമായി ഇപ്പോഠം 21,000 വിദേശീയ വിദ്യാത്ഥികഠം പഠിക്കുന്നുണ്ട്. അമേരിക്കയിലെ ഉപരിവിദ്യാലയങ്ങളിൽ പഠിക്കുന്നവരിൽ ഏകദേശം ഒരു ശതമാനം വിദേശീയരാണ്. വിദേശത്തുനിന്ന് വരുന്ന ഈ യുവതീയുവാക്കന്മാർ വിദ്യാഭ്യാസാനന്തരം സ്വദേശത്ത് മടങ്ങിയെത്തി പൊതുജീവിതത്തിൽ പ്രധാനപ്പെട്ട ചുമതലകഠം വഹിക്കേണ്ടവരാണ്. അതിനാൽ അവർ അമേരിക്കയിൽ ചെലവഴിക്കുന്ന വഷങ്ങഠം അമേരിക്കയേയും അവരുടെ രാജ്യങ്ങളേയും സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന കാലമാണ്. സാവ്വദേശീയസൗഹാർദ്ദവും ധാരണയും സൃഷ്ടിക്കുന്നതിന്, അമേരിക്കൻ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിദേശീയവിദ്യാത്ഥികളുടെ സാന്നിദ്ധ്യം വളരെ സഹായകരമാണെന്ന് അമേരിക്കയിലെ വിദ്യാഭ്യാസപ്രവത്തകക്കറിയാം. അതിനാൽ, യോഗ്യതയുള്ള അമേരിക്കൻ വിദ്യാത്ഥികഠംക്ക് പ്രവേശനം നിഷേധിച്ചപോലും അനേകായിരം വിദേശവിദ്യാത്ഥികഠംക്ക് അമേരിക്കൻ ഉപരിവിദ്യാലയങ്ങളിൽ പ്രവേശനം നൽകുവാൻ അവർ സന്നദ്ധരാണ്.

അമേരിക്കൻ വിദ്യാഭ്യാസസ്ഥാപനങ്ങഠം പരമ്പരയാ വിദേശീയവിദ്യാത്ഥികളെ ഹൃദയംഗമമായി സ്വാഗതം ചെയ്തുവരുന്നു. എങ്കിലും രാഷ്ട്രവ്യാപകമായ തോതിൽ ഒരു വിദേശവിദ്യാത്ഥി പരിപാടി രൂപവൽക്കരിക്കുന്നതിന് ബോധപൂവ്വമായ ശ്രമം തുടങ്ങിയതു് അടുത്ത കാലത്തു മാത്രമാണ്. പലവിധ ഏജൻസികഠം വിദേശീയ വിദ്യാത്ഥികഠംക്ക് താഴെക്കാണുന്ന സേവനങ്ങളും സഹായങ്ങളും നൽകിവരുന്നു. ഒന്നാമതു്, അമേരിക്കയിലെ വിദ്യാഭ്യാസ സൌകയ്യങ്ങളേയും പ്രശ്നങ്ങളേയും കുറിച്ച് അവക്കു സൂക്ഷ്മമായ അറിവുകഠം നൽകുന്നു. രണ്ടാമതു്, ഏററവും കൂടുതൽ യോഗ്യതയുള്ള വിദേശീയ വിദ്യാത്ഥികളെ അമേരിക്കൻ വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് തിരഞ്ഞെടുക്കുകയും സാദ്ധ്യമെങ്കിൽ അവക്ക് സ്കോളർഷിപ്പുകഠം നൽകുകയും ചെയ്യുന്നു. മൂന്നാമതു്, അമേരിക്കയിലേക്ക് പോകുന്ന വിദേശീയവിദ്യാത്ഥികഠം തങ്ങഠംക്ക് കിട്ടുന്ന അവസരം എത്രയും നന്നായി പ്രയോജനപ്പെടുത്താൻ വേണ്ട സഹായങ്ങഠം അവക്ക് ചെയ്തുകൊടുക്കുന്നു. ഇതിന് സ്വീകരിച്ചിരിക്കുന്ന പ്രധാന നടപടികഠം ചുവടെ ചേക്കുന്നു:

1. വിദേശീയ വിദ്യാത്ഥികളുടെ ക്വോട്ടാ നിശ്ചയിക്കുക, വിദേശീയ വിദ്യാത്ഥികഠംക്കായുള്ള ഉപദേശകകമ്മിററികഠം ഏപ്പെടുത്തുക, അവക്ക്

വേണ്ടി പ്രത്യേക ക്ലാസ്സുകളും ഇംഗ്ലീഷ്ഭാഷാകോഴ്സുകളും നടത്തുക, മററ വിദേശീയവിദ്യാർത്ഥികളും അമേരിക്കൻ വിദ്യാർത്ഥികളുമായി പരിചയപ്പെടുന്നതിനും സൌഹാർദ്ദബന്ധങ്ങൾ സ്ഥാപിക്കുന്നതിനും സൌകര്യം നൽകുന്ന ക്ലബ്ബുകളും സമ്മേളനശാലകളും ഏർപ്പാടു ചെയ്തു കൊടുക്കുക എന്നീ വക കാര്യങ്ങളിലെല്ലാം അമേരിക്കൻ വിദ്യാഭ്യാസസ്ഥാപനങ്ങൾ തന്നേ മുൻകൈ എടുത്ത് പ്രവത്തിച്ചുവരുന്നു. വിദേശീയവിദ്യാത്ഥിയുടെ കോളജ്ജീവിതം ആനന്ദപ്രദമാക്കാൻ വേണ്ട സൗകര്യങ്ങളെല്ലാം ഓരോ വിദ്യാഭ്യാസസ്ഥാപനവും നൽകുന്നു.

2. അമേരിക്കൻ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ വിദേശീയവിദ്യാത്ഥിപരിപാടികൾ എല്ലാം ഏകീകരിക്കാൻ ന്യൂയോക്കു നഗരത്തിൽ സാവ്വദേശീയ വിദ്യാഭ്യാസഇൻസ്റ്റിട്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്. ഇതൊരു സ്വകാര്യസംഘടനയാണ്. ഇതു് വദേശവിദ്യാത്ഥികളുമായി നേരിട്ടു ഇടപെടുന്നില്ല. ഓരോ രാജ്യത്തും ഓരോ തദ്ദേശവിദ്യാഭ്യാസകമ്മെററി ഏപ്പെടുത്തുകയാണ് ഇൻസ്റ്റിട്യൂട്ട് സാധാരണ ചെയ്യുന്നതു്. ഈ കമ്മിററി അമേരിക്കയിലെ വിദ്യാഭ്യാസസാദ്ധ്യതകളെപ്പററിയ അറിവുകൾ പ്രചരിപ്പിക്കുകയും അമേരിക്കൻ കോളജുകളിലേക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും യോഗ്യതകളുള്ള വിദ്യാത്ഥികളുടെ അപേക്ഷകൾ ഇൻസ്റ്റിട്യൂട്ടിന്നു് അയച്ചുകൊടുക്കുകയും ചെയ്യുന്നു. ഇൻസ്റ്റിട്യൂട്ട് ഈ വിദ്യാത്ഥികൾക്ക് അമേരിക്കൻ കോളജുകളിൽ പ്രവേശനവും അസാധാരണ യോഗ്യതകളുള്ളവക്ക് സ്കോളർഷിപ്പ് സഹായവും ഏപ്പാടു ചെയ്തുകൊടുക്കുന്നു.

3. അമേരിക്കയിലെ സ്റ്റെയിററ് ഡിപ്പാർട്ടുമെൻറിന്, വിദേശ്യവിദ്യാത്ഥികൾക്കു ഉപദേശവും സഹായവും നൽകുന്ന ഒരു പരിപാടിയുണ്ട്. ഇതു് സാർവ്വദേശീയ വാത്താവിതരണ—വിദ്യാഭ്യാസവിനിമയപരിപാടിയുടെ ഒരു ഭാഗമാണ്. അതതു സ്ഥലത്തെ അമേരിക്കൻ ഇൻഫർമേഷൻ സർവ്വീസ് മുഖേന അമേരിക്കൻ വിദ്യാസ്ഥാപനങ്ങളെപ്പററിയ വിവരങ്ങൾ സ്റ്റേററ് ഡിപ്പാർട്മെൻറ് നൽകിക്കൊണ്ടിരിക്കുന്നു. സാർവ്വദേശീയവിദ്യാഭ്യാസസ്ഥാപനത്തിന്നു് സഹായം നൽകിയും, ഫുൾബ്രൈററ് പ്രോഗ്രാം തുടങ്ങിയ ഗവമ്മേണ്ടു് പരിപാടികളിൽ പങ്കെടുത്തും സ്റ്റേററ് ഡിപ്പാർട്ടുമെൻറ് വിദേശ്യവിദ്യാത്ഥികളെ സഹായിക്കുന്നുണ്ട്.

അമേരിക്കയിൽ പഠിക്കുവാൻ താൽപര്യപ്പെടുന്ന വിദേശ്യവിദ്യാത്ഥികൾ താഴെപ്പറയുന്ന കാര്യങ്ങൾ അറിഞ്ഞിരിക്കണം:—

1. അമേരിക്കൻവിദ്യാസ്ഥാപനങ്ങളിൽ പ്രവേശനം കിട്ടുന്നതിന്നു വിദേ

ശ്യവിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ നല്ല പരിജ്ഞാനം വേണം. അവ ക്ക സാമാന്യവിദ്യാഭ്യാസത്തിൻെറ നല്ലൊരു പശ്ചാത്തലം കിട്ടിയിരിക്കണമെന്നുമാത്രമല്ല, അതു തെളിയിക്കാൻ വേണ്ട രേഖകളും സാക്ഷ്യപത്രങ്ങളും സമ്പാദിച്ചിരിക്കയും വേണം.

2. അമേരിക്കയ്ക്കു പോകുന്നതിന്നുവേണ്ട വീസ സംബന്ധിച്ച എല്ലാ കാര്യങ്ങളും നിറവേററിയിരിക്കണം. തത്സംബന്ധമായ പൂർണ്ണവിവരങ്ങൾ സ്ഥലത്തെ അമേരിക്കൻ കോൺസുലർ ആപ്പീസ്സിൽനിന്നു ലഭിക്കും. അമേരിക്കൻ വിദ്യാസ്ഥാപനത്തിൽ പ്രവേശനം ലഭിച്ചതിൻെറ രേഖയും അമേരിക്കയിലെ താമസച്ചെലവിന്നു വേണ്ട പണമുണ്ടെന്നതിന്നു തെളിവും വീസാ കിട്ടുന്നതിന്നു വിശേഷിച്ചും ഹാജരാക്കേണ്ടതുണ്ട്.

3. വിദേശ്യവിദ്യാർത്ഥികൾ തങ്ങളുടെ യാത്രയ്ക്കും താമസത്തിന്നും പഠിപ്പിന്നും വേണ്ട ചെലവുകൾ മുഴുവനുമോ അല്ലെങ്കിൽ അതിൽ ഭൂരിഭാഗവുമൊ സ്വയം വഹിക്കേണ്ടിവരും. ആകെ ചെലവിൻെറ 25–50ശതമാനത്തിൽ കൂടുതൽ സഹായധനം കൊടുക്കുന്ന ഏർപ്പാടില്ല. അമേരിക്കയിലെ ഒരു കൊല്ലത്തെ ചെലവ് 1500 ഡോളർ മുതൽ 2000ഡോളർ വരെയാണ്. ഇതിൽ യാത്രച്ചെലവ് കൂട്ടിയിട്ടില്ല. നേരത്തെ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ വിദ്യാർത്ഥികൾ എന്തെങ്കിലും പണിയെടുത്തു കുറെ പണം സമ്പാദിക്കാം. അങ്ങനെകിട്ടുന്നതുക ഏതാനും ശതം ഡോളറിൽ കൂടുതലുണ്ടാവുമെന്നു പ്രതീക്ഷിക്കാനില്ല.

4. സ്കോളർഷിപ്പുകൾ കിട്ടണമെന്നാഗ്രഹിക്കുന്ന വിദേശവിദ്യാർത്ഥി പ്രശസ്തമായ വിദ്യാഭ്യാസനേട്ടങ്ങൾക്ക തെളിവ് ഹാജരാക്കണം. ബിരുദധാരികൾക്കും അതിൽ കൂടുതൽ യോഗ്യതയുള്ളവക്കും സ്കോളർഷിപ്പ് സഹായങ്ങൾ കിട്ടാൻ കൂടുതൽ സാധ്യതയുണ്ട്. അസാമാന്യമായ സാമർത്ഥ്യമുള്ള വിദ്യാർത്ഥികൾക്ക മാത്രമേ സ്കോളർഷിപ്പോ ഫെല്ലോഷിപ്പോ കിട്ടാനിടയുള്ളു. അമ്മാതിരിയൊരു സഹായം കിട്ടിയാൽ വിദ്യാർത്ഥിയുടെ വിദ്യാഭ്യാസച്ചെലവിൻെറ ഭൂരിഭാഗമോ അതു മുഴുവൻതന്നേയോ അതുകൊണ്ടു കഴിയും.

5. അമേരിക്കൻ സ്കൂൾ വർഷം സെപ്തംബർ പകുതിയോടുകൂടിയോ അവസാനത്തിലോ തുടങ്ങും. ജൂണിൽ അവസാനിക്കുന്നു. സ്കൂൾവർഷം രണ്ടു സെമിസ്റ്റർ ആയോ മൂന്നു ക്വാർട്ടർ ആയോ വിഭജിക്കപ്പെട്ടിരിക്കുന്നു. ജൂലൈ ആഗസ്റ്റ് സെപ്തംബർ മാസങ്ങളിലായി വേനൽ ഒഴിവുകാലം വരുന്നു. അക്കാലത്തു് വിദ്യാർത്ഥികൾക്ക വേണമെങ്കിൽ സമ്മർ സ്കൂളിൽ ചേൎന്നു പഠിക്കാം. പ്രവേശനത്തിന്നു കുറഞ്ഞതു ആറുമാസമെങ്കിലും നേരത്തേ അപേക്ഷിക്കണം. ഫെല്ലോഷിപ്പോ സ്കോളർ ഷിപ്പോ വേണമെങ്കിൽ ഒൻപതു മാസമെങ്കിലും

മുൻകൂട്ടി അപേക്ഷിച്ചിരിക്കണം. സാധാരണഗതിയിൽ കോളജിലോ യൂനിവേഴ്സിററിയിലോ ചേരുവാൻ പററിയ സമയം സ്ക്കൂറംവർഷാരംഭം തന്നേയാണ്. എങ്കിലും ഫെബ്രുവരിയിലോ ജൂലൈയിലോ ചേരാനും സാധിക്കും.

6. അമേരിക്കൻ വിദ്യാസ്ഥാപനങ്ങളിൽ ഇക്കാലത്ത് വിദ്യാർത്ഥികളുടെ തിരക്കു കണക്കിലേറെയുണ്ടെന്നും താമസസൌകര്യം കിട്ടാൻ വളരെ പ്രയാസമുണ്ടെന്നും ചെലവുകറം വളരെ കൂടുതലാണെന്നും യുദ്ധത്തിനു മുമ്പത്തേപ്പോലെ ഇപ്പോറം അമേരിക്കയിലെ ജീവിതം സുഗമമല്ലെന്നും വിദേശ്യവിദ്യാർത്ഥികറം അറിഞ്ഞിരിക്കേണ്ടതാണ്. അതിനാൽ എല്ലാ ഏപ്പാടുകളും എത്രയും നേരത്തെ ചെയ്തു വെയ്ക്കേണ്ടതുണ്ട്. പ്രത്യേകാനുമതി കിട്ടിയിട്ടില്ലെങ്കിൽ വിദേശ്യവിദ്യാർത്ഥി തന്റെ കുടുംബാംഗങ്ങളിൽ ആരേയും കൂടെ കൊണ്ടുപോകാൻ ഒരിക്കലും ഒരുമ്പെടരുത്.

ഇന്ത്യയിൽ ഫുൾബ്രൈററ് പരിപാടിപ്രകാരം ലഭ്യമാകുന്ന വേതനങ്ങൾ

ഇന്ത്യയിൽ അമേരിക്കൻ വിദ്യാഭ്യാസ ഫൌണ്ടേഷൻ സ്ഥാപിക്കുന്നതിന്ന് അമേരിക്കയും ഇന്ത്യയും തമ്മിൽ കരാറുണ്ടാക്കിയതിനെ തുടന്ന് 1950 ഫെബ്രുവരിയിൽ ഫുൾബ്രൈററ് പ്രോഗ്രാം പ്രവൎത്തനമാരംഭിച്ചു. അമേരിക്കയുടെ മിച്ചം വന്ന യുദ്ധസാമാനങ്ങൾ ഇന്ത്യക്കു വിററ വകയിൽ കിട്ടിയ ഉറുപ്പികവരുമാനത്തിൽ നിന്നാണീ ഫൌണ്ടേഷന്നു വേണ്ട ഫണ്ടുണ്ടായത്. ഈ ഫണ്ടിൽ നിന്ന് ഫൌണ്ടേഷന്ന് ഒരു കൊല്ലം ചെലവു ചെയ്യാൻ കിട്ടുന്നത് 4 ലക്ഷം ഡോളർ ആണ്.

അമേരിക്കന്മാരായ വിദ്യാൎത്ഥികൾക്കും ഗവേഷണ വിദഗ്ദ്ധന്മാൎക്കും ഇന്ത്യയിലെ ഉന്നതവിദ്യാസ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിന്ന് ഫുൾബ്രൈററ് പ്രോഗ്രാമിൽ നിന്നു വേതനങ്ങൾ നൽകപ്പെടുന്നു. അതുപോലെ, അമേരിക്കയിൽ പ്രഭാഷണപൎയ്യടനവും ഗവേഷണവും ബിരുദാനന്തരപഠനവും മററും നടത്താൻ ആഗ്രഹിക്കുന്ന ഇന്ത്യൻ പൌരന്മാൎക്ക് യാത്രച്ചെലവിന്നുള്ള വേതനങ്ങളും നൽകുന്നുണ്ട്. മേൽ പറഞ്ഞ കരാർ അനുസരിച്ച് ലഭിക്കുന്ന ഫണ്ട് ഉറുപ്പിക നാണ്യമായിട്ടാണ്. അതു ഡോളർ ആയി മാററി കിട്ടുകയില്ല. അതിനാൽ ഇന്ത്യൻ വിദ്യാൎത്ഥികളുടെ അമേരിക്കയിലെ താമസച്ചെലവുകൾ വഹിക്കാൻ ഫൌണ്ടേഷന്നു നിവൃത്തിയില്ല.

വിദ്യാർത്ഥിവേതനങ്ങൾ (സ്കോളർഷിപ്പുകൾ)

അമേരിക്കൻ ഗവൺമെൻറും അമേരിക്കയിലെ യൂണിവേഴ്സിററികളും സ്വകാൎയ്യസംഘടനകളും ബിരുദാനന്തരപഠനത്തിന്ന് വേതനങ്ങൾ നൽകി വരുന്നു. ഗവൺമെൻറ് സ്കോളർഷിപ്പുകൾക്ക് വിദ്യാൎത്ഥികളെ തിരഞ്ഞെടുക്കുന്ന അമേരിക്കയിലെ പ്രധാനസംഘടന 'അന്തർദേശിയ വിദ്യാഭ്യാസ സ്ഥാപനം' (ഇൻസ്റ്റിററ്യൂട്ട് ഓഫ് ഇൻറർനാഷനൽ എഡ്യൂക്കേഷൻ) ആണ്. വളരെ പഴക്കമുള്ള ഒരു സ്വകാൎയ്യ സ്ഥാപനമാണിത്. ഇന്ത്യയിൽ അപേക്ഷകൾ സ്വീകരിക്കുന്നതും ഗവൺമെൻറ് സ്കോളർഷിപ്പുകൾക്കൎഹരായ വിദ്യാൎത്ഥികളെ അന്തർദ്ദേശീയവിദ്യാഭ്യാസ സ്ഥാപനത്തിലേക്കു ശുപാർശ ചെയ്യുന്നതും അമേരിക്കൻ വിദ്യാഭ്യാസ ഫൌണ്ടേഷനാണ്.

അമേരിക്കൻ ഗവൺമെൻറിൻെറ സ്കോളർഷിപ്പുകൾ, സ്വകാൎയ്യസംഘട

നകാം നൽകുന്ന സ്കോളർഷിപ്പുകളും അസിസ്റ്റൻറ്ഷിപ്പുകളും, ഫുാംബ്രൈററ് യാത്രാവേതനങ്ങാം എന്നിങ്ങനെ മൂന്നുതരം സ്കോളർ ഷിപ്പുകാം കിട്ടാനുണ്ട്.

സ്കോളർ ഷിപ്പുകാംക്കുള്ള ആദ്യത്തെ അപേക്ഷാഫാറം, കാംച്ചറൽ അഫയാഴ്സ് ഓഫീസർ, യു. എസ്. ഐ. എസ്., 158 മൌണ്ട്റോഡ്, മദ്രാസ് എന്ന വിലാസത്തിൽ എഴുതിയാൽ കിട്ടും. തിരഞ്ഞെടുപ്പ് ഒരു മത്സരത്തിൻെറ അടിസ്ഥാനത്തിലാണ്. മത്സരത്തിൽ എഴുത്തു പരീക്ഷയൊന്നുമില്ല. സാധാരണമായി ജൂലൈമാസത്തിൽ മത്സരത്തെ പററിയ വിജ്ഞാപനം പത്രങ്ങാംക്ക നൽകപ്പെടും.

വിദ്യാത്ഥിവേതനമത്സരത്തിൽ ചേരാൻ അപേക്ഷിക്കുന്നവക്ക താഴെപ്പറയുന്ന ഏററവും കുറഞ്ഞ യോഗ്യതകളുണ്ടായിരിക്കണം:—

(1) എം. എ അല്ലെങ്കിൽ അത്രയും ഉയന്ന മറെറന്തെങ്കിലും ഡിഗ്രി. ഈ എം. എ ഡിഗ്രിയോ, അതിനു മുമ്പ് കിട്ടിയ ബി. എ ഡിഗ്രിയോ ഏതെങ്കിലുമൊന്നു് ഒന്നാംക്ലാസ്സ് ആയിരിക്കണം.

(2) എം. എ ഡിഗ്രി കിട്ടിയശേഷം, അപേക്ഷകൻ സ്പെഷ്യലൈസ് ചെയ്ത തുറയിൽ അയാാംക്ക രണ്ടുകൊല്ലത്തെ പരിചയം ഉണ്ടാവണം.

(3) അപേക്ഷിക്കുമ്പോാം അയാാംക്ക് 24–നും 35–നും മദ്ധ്യേ പ്രായമായിരിക്കണം.

(4) അപേക്ഷിക്കുമ്പോഴും തിരഞ്ഞെടുപ്പു നടക്കുന്ന കാലത്തും അയാാം ഇന്ത്യയിൽ ഉണ്ടായിരിക്കണം.

(5) അമേരിക്കൻ കോളജുകളിൽ ഇതിനു മുമ്പ് പഠിച്ചിട്ടുണ്ടാവരുതു്.

(6) ഇന്ത്യൻ പൌരനായിരിക്കണം.

(7) നല്ല ആരോഗ്യമുണ്ടായിരിക്കണം.

(8) ഇംഗ്ലീഷ്ഭാഷയിൽ നല്ല നൈപുണ്യം ഉണ്ടായിരിക്കണം.

പാഠ്യവിഷയങ്ങാം, യോഗ്യതകാം എന്നിവ സംബന്ധിച്ച ചട്ടങ്ങാം ഡയറക്ടർ ബോർഡിന്നു് അതതുവർഷം ഭേദഗതി ചെയ്യാവുന്നതാണ്.

ഫുാംബ്രൈററ് യാത്രാവേതനങ്ങാം

യാത്രാവേതനം മാത്രം ആവശ്യമുള്ള വിദ്യാത്ഥികാംക്കുവേണ്ടി ഓരോ വർഷവും വസന്തകാലത്ത് മറെറാരു മത്സരം നടത്താറുണ്ട്. ജനുവരി മുതൽ

ഏപ്രിൽ പാതിവരെയുള്ള കാലത്താണീ മത്സരം നടത്തുന്നതു്. ഇന്ത്യയിൽ നിന്നു് അമേരിക്കയിലേയ്ക്കും അവിടെനിന്നു മടങ്ങി ഇന്ത്യയിലേയ്ക്കും യാത്ര ചെയ്യാനുള്ള ചെലവാണു് ഈ വേതനം കൊണ്ടു കിട്ടുന്നതു്.

സീനിയർ ഇന്ത്യൻ പ്രഫസ്സർമാക്കും ഗവേഷണ വിദ്യാർത്ഥികൾക്കും നൽകുന്ന യാത്രാവേതനങ്ങളും ഫെല്ലോഷിപ്പുകളും

ഉയർന്ന തരം യോഗ്യതകളുള്ള സീനിയർ ഇന്ത്യൻ പ്രഫസ്സർമാക്കും ഗവേഷണ വിദ്യാൎത്ഥികൾക്കും മാത്രമാണീ പരിപാടിയനുസരിച്ചു വേതനം നൽകുന്നതു്. അടുത്തകാലത്തെങ്ങും വിദേശങ്ങളിൽ പ്രവൎത്തിച്ചു പരിചയമില്ലാത്തവരെ മാത്രമാണു് സാധാരണമായി ഈ വേതനങ്ങൾക്കർഹരായി തിരഞ്ഞെടുക്കുക.

യാത്രാവേതനങ്ങൾ

ഏതെങ്കിലുമൊരു അമേരിക്കൻ യൂണിവേഴ്സിററിയിൽ പഠിക്കാനോ ഗവേഷണം നടത്താനോ നിയമിതനാകുന്ന ആൾക്കു വേണമെങ്കിൽ ഫുൾ ബ്രൈററ് യാത്രാവേതനത്തിന്നപേക്ഷിക്കാം. എന്നാൽ അപേക്ഷിക്കും മുമ്പു് മേൽ പറഞ്ഞ തരം നിയമനം ലഭിക്കാൻ വേണ്ട ഏൎപ്പാടുകൾ സ്വയം ചെയ്തിരിക്കണം. ഒരു ദേശീയകമ്മററിയുടെ പരിഗണനയ്ക്കു വിധേയമാക്കിയശേഷം അപേക്ഷകൾ ഇന്ത്യയിലെ അമേരിക്കൻവിദ്യാഭ്യാസഫൌണ്ടേഷന്നയച്ചുകൊടുക്കുന്നു.

ഫെല്ലോഷിപ്പുകൾ

സന്ദർശകലക്ചറന്മാക്കും ഗവേഷണവിദ്യാൎത്ഥികൾക്കും കഴിഞ്ഞ കാലങ്ങളിൽ ഏതാനും ഡോളർ(സ്റ്റൈത്ത് മണ്ട്)വേതനങ്ങൾ നൽകിയിട്ടുണ്ടു്. എന്നാൽ അവ എത്ര കണ്ടു ലഭ്യമാണെന്ന വിവരം, യാത്രാവേതനങ്ങൾക്കുള്ള തിരഞ്ഞെടുപ്പിനു മുമ്പു് അറിഞ്ഞെന്നു വരികയില്ല. അതിനാൽ അപേക്ഷ അയയ്ക്കുമ്പോൾ ഡോളർവേതനത്തെ ആശ്രയിച്ചുകൂടാ. ഒരിന്ത്യൻ പ്രഫസ്സർക്കു് അമേരിക്കയിലെ താമസച്ചെലവിന്നു് പ്രതിമാസം കുറഞ്ഞതു് 250 ഡോളർ വേണ്ടിവരുമെന്നു് കണക്കാക്കപ്പെടുന്നു.

അധ്യാപകശിക്ഷണവേതനങ്ങൾ

വിദേശങ്ങളിലെ അധ്യാപകന്മാർ, വിദ്യാഭ്യാസപ്രവൎത്തകന്മാർ, അധ്യാപനാധ്യാപകന്മാർ മുതലായവൎക്കു് അമേരിക്കയിൽ പോയി അവിടത്തെ

വിദ്യാഭ്യാസരീതികൾ നിരീക്ഷിക്കുന്നതിനും വിദ്യാഭ്യാസചർച്ചകളിൽ പങ്കെടുക്കുന്നതിനും മററുമായി സ്മിത്ത്മണ്ട് പരിപാടിയിൽ നിന്നു വേതനങ്ങൾ നൽകുന്നുണ്ട്. ഈ വേതനങ്ങൾ ആറുമാസക്കാലത്തേയ്ക്കാണ് നൽകുന്നത്. വേതനത്തിൻെറ കാലാവധിക്കു ശേഷവും അമേരിക്കയിൽ തുടർന്നു താമസിക്കാൻ അനുമതി കിട്ടുകയില്ല. ദിവസക്കണക്കിനു നൽകുന്ന ഈ അധ്യാപക വേതനം പ്രതിമാസം 240 ഡോളറോളം വരും. ഭക്ഷണത്തിനും താമസച്ചെലവുകൾക്കും ഇതു തികയും. എന്നാൽ വ്യക്തിപരമായ മററു ചെലവുകൾക്കും ആശ്രിതരെ പുലർത്തുന്നതിനും മററും ഈ തുക മതിയാകയില്ല. ഇതിനു പുറമേ, പരിപാടി പ്രകാരം അമേരിക്കയിൽ ചെയ്യേണ്ടിവരുന്ന യാത്രകളുടെ ചെലവും നൽകപ്പെടും.

ഈ അധ്യാപക ശിക്ഷണപരിപാടി അമേരിക്കയിലെ വിദ്യാഭ്യാസവകുപ്പും സ്റ്റേററ് ഡിപ്പാർട്ടുമെൻറും സഹകരിച്ചാണു നടത്തുന്നത്. പരിപാടിയിൽ നാലു ഘട്ടങ്ങളുണ്ട്: ഒന്ന്, കുറച്ചു കാലത്തെ പ്രാരംഭപരിശീലനം. രണ്ട്, അധ്യാപകശിക്ഷണസ്ഥാപനങ്ങളിൽ പ്രത്യേകം ഏർപ്പാടു ചെയ്യുന്ന സെമിനാറുകളിൽ പങ്കെടുക്കുക. മൂന്ന്, പ്രത്യേകം തിരഞ്ഞെടുക്കുന്ന ഏതാനും സ്കൂൾഭരണസമ്പ്രദായങ്ങളും ജനസമൂഹങ്ങളും നിരീക്ഷിക്കയും അവയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കയും ചെയ്യുക. നാല്, വാഷിങ്ടണിൽ വച്ചു നടത്തുന്ന ചർച്ചാപ്രത്യവലോകനങ്ങളിൽ പങ്കെടുക്കുന്ന അന്തിമഘട്ടം.

Published and distributed by
The United States Information Service, Madras.

JANATHA PRESS, MADRAS-5